# ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ

## ഡിജിറ്റൽ മാഗസിൻ

# ശില



# എഡിറ്റോറിയൽ

ആകാശത്തെയും ആകാശഗോളങ്ങളേയും കീഴടക്കിക്കൊണ്ട് പുരോഗതിയുടെ ഉന്നതപടവുകൾ ഒന്നൊന്നായി ചവിട്ടിക്കയറുകയാണ് ആധുനികമനുഷ്യൻ. വിജ്ഞാനം വിരൽത്തുമ്പിലെത്തുന്ന ഡിജിറ്റൽ യുഗത്തിലാണ് നാമിന്ന്. കാലാനുസൃതമായ മാറ്റങ്ങൾ ഏറ്റെടുക്കേണ്ടതും മുന്നോട്ടു കൊണ്ടുപോകേണ്ടതും വിദ്യാർത്ഥി സമൂഹംതന്നെയാണ്.ഡിജിറ്റൽ പ്രതിഭകളെ വാർത്തെടുക്കുക അങ്ങനെ മാറ്റങ്ങൾ സാമൂഹ്യവൽക്കരിക്കുക എന്ന ഉദ്ദേശത്തോടെ സ്കൂളുകളിൽ രൂപം കൊടുത്തിരിക്കുന്ന പദ്ധതിയാണ് –Little Kites. ഡിജിറ്റൽ സാങ്കേതികതയുടെ പുത്തൻ ഏടുകളിലേയ്ക്ക് പറന്നുയരാൻ പരിശ്രമിക്കുന്ന ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിലെ Little kite അംഗങ്ങൾ ഒത്തു ചേർന്ന് തയ്യാറാക്കിയിരിക്കുന്ന ഡിജിറ്റൽ മാഗസിനാണ് **"ശിഖ"**. ആധുനിക സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകളുടെ വർണപ്രപഞ്ചത്തിലേയ്ക്ക് **"ശിഖ"** ഏവരെയും നയിക്കും എന്ന പ്രതീക്ഷയോടെ ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായി സാദരം സമർപ്പിക്കുന്നു.

# എഡിറ്റോറിയൽ ബോർഡ്

സാബു മാത്യു(ഹെഡ് മാസ്റ്റർ)
സോണിയ പോൾ
ബിജി സെബാസ്റ്റ്യൻ
ഷെറിൻ ബേബി
മഞ്ജുമോൾ ജോസ്
അഭിഷിക്ത് സിജു
അലോണ ആൽബി
അലൻ സോബി
ഡിയോൺ ജോസ്
ഇവാൻ മനോജ്

# ഉള്ളടക്കം

ചന്ദ്രയാൻ 3..........................................................................10
മാവിൻ കൂട്ടുകാരൻ ...................................................................11
പിന്നെയും പാറുന്ന പൂമ്പാറ്റ.....................................................12
ചെറിയ കൈകളും വലിയ പ്രതീക്ഷകളും............................. .......13
ഭാവിയുടെ ശാസ്ത്രം ...................................................................14
വാടുന്ന ശിഖരം .........................................................................17
ബയോ സ്റ്റാറ്റിസ്റ്റിക്സ്ആരോഗ്യ പഠനത്തിന് ..............................18
ജീവിതത്തിന്റെ പൂക്കൾ .............................................................19
ആകാശം ...................................................................................20
കണ്ണീർമണികൾ........................................................................21
സ്വപ്നം .......................................................................................23
മൃഗസ്നേഹി.............................................................................. 24
പരിസ്ഥിതി ലോല മേഖല .......................................................... 25
വായനാശീലം പുതുതലമുറയിൽ ...............................................28
ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് ....................................................30
അനാഥൻ ..................................................................................34
മഴത്തുള്ളികൾ ..........................................................................35
പ്രേമലു .......................................................................................36
ജലം ...........................................................................................38
വൃദ്ധ.......................................................................................... 40
കൈകോർക്കാം:മലിനീകരണത്തിനെതിരെ ..............................41
നിധിപോലെ സൗഹൃദം .............................................................42
പ്രകൃതിയുടെ മടിത്തട്ടിൽ:ജീവജാലങ്ങളുടെ ലോകം .....................43
പ്രതീക്ഷയുടെ വിത്തുകൾ........................................................... 45
പുനർജന്മം.................................................................................. 46
എന്റെ വിദ്യാലയം.......................................................................47
വണ്ടർലാ : ഒരു വിസ്മയ യാത്ര ...................................................48

# നമ്മുടെ വിദ്യാലയം

ആയിരങ്ങൾക്ക് അക്ഷരവെളിച്ചത്തിൻെറ ഉജ്ജ്വല ശോഭപകർന്നു നൽകി, ചെമ്മലമറ്റം ഗ്രാമത്തിന് അഭിമാനമായി നിലകൊള്ളുന്ന സരസ്വതീക്ഷേത്രമാണ് ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ. ചെമ്മലമറ്റം ഇടവകയിലെ
പൂർവ്വകാലവൈദിക ശ്രേഷ്ഠരുടെയും ജനങ്ങളുടെയും ദീർഘവീക്ഷണവും സഹകണ മനോഭാവവുമാണ്ഈ സ്കൂളിൻെറ
രൂപീകരണത്തിനുംനാളിതുവരെയുള്ള
പുരോഗതിക്കും അടിസ്ഥാനശിലയായിമാറിയത് .1926-ൽ ബഹു. പറയിടത്തിൽ യൗസേപ്പച്ചൻെറ നേതൃത്വത്തിലാണ് പ്രൈമറി സ്കൂൾ എന്ന നിലയിൽ ഈ വിദ്യലയം പ്രവർത്തനമാരംഭിച്ചത്.
ബഹുമാനപ്പെട്ട ജോസഫ് പടന്നമാക്കലച്ചൻെറ ശ്രമഫലമായി 1979-ൽ യു.പി. സ്കൂൾ പ്രവർത്തനമാരംഭിച്ചു. ബഹുമാനപ്പെട്ട വെട്ടിക്കൽ തോമസച്ചൻ മാനേജരായിന്ന കാലത്ത്,1983 ജൂൺ മാസത്തിൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. സമാന്തര ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.
ഈരാറ്റുപേട്ട-കാഞ്ഞിരപ്പള്ളി റോഡിൽ
പ്രൗഢിയോടെ ശിരസ്സുയർത്തി നിൽക്കുന്ന നമ്മുടെ വിദ്യാലയം അറിവിൻെറ വെളിച്ചവും അക്ഷരവിദ്യയും തലമുറകൾക്ക് നിർലോഭം പകർന്നു നൽകിക്കൊ ണ്ടിരിക്കുയാണ്.ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ ആയിരത്തിലേറെ വിദ്യാർത്ഥികൾ ഈ സ്കൂൂളിൽ പഠിക്കുന്നു.
എസ്.എസ്.എൽ.സി.
പരീക്ഷയിൽ തുടർച്ചയായി 100%വിജയം ലഭിച്ചുകൊണ്ടിരിക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾ സജീവമായി പങ്കെടുക്കുന്നു. നമ്മുടെ വിദ്യാലയം ചെമ്മലമറ്റം ഗ്രാമത്തിൻെറ തിലകക്കുറിയായി നിലനിൽക്കുന്നതിൽ നമുക്ക് അഭിമാനിക്കാം.




# മികവിൽ നിന്ന് മികവിലേയ്ക്ക്

ലിറ്റിൽ ഫ്ളവർന്റെ പടികടന്നെത്തുന്ന കുരുന്നു മനസുകളിൽ പഠനത്തോടോപ്പോം ഉല്ലാസവും ഉൻമേഷവും നിറക്കുന്നതിനായി സ്കൂളിൽ പല പഠ്യേതര പ്രവത്തനങ്ങളും ആസൂത്രണം ചെയുകയും നടപ്പിലാക്കുകയും ചെയ്തു.

## പരിസ്ഥതി ദിനം




## വായന ദിനം



# ലഹരിവിരുദ്ധ ദിനം




# അന്താരാഷ്ട്ര യോഗ ദിനം



# ഹിരോഷിമ ദിനം



# സ്വാതന്ത്ര്യ ദിനം



# ശിശു ദിനം



# ക്രിസ്തുമസ്



# ചന്ദ്രയാൻ 3

ചന്ദ്രന്റെ ഉപരിതലത്തിലേക്ക് ചന്ദ്രയാൻ സോഫ്റ്റ് ലാൻഡ് ചെയ്യുമ്പോഴും ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ ലാൻഡിംഗ് അത്ര സോഫ്റ്റ് അല്ല ,മറിച്ച് കരുത്തുള്ള കാൽവയ്പാണ്.അന്ധകാരത്തിലാണ്ട കനത്ത സന്ധ്യയിൽ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ചന്ദ്രയാൻ 3ന്റെ ലാൻഡർ മൊഡ്യൂൾ 2023 ആഗസ്റ്റ് 23 ന് കാൽകുത്തിയപ്പോൾ ബഹിരാകാശ ദൗത്യങ്ങളുടെ പുതിയ ഉയരങ്ങളിലേക്ക് സ്വപ്നം കാണുവാൻ ഓരോ ഇന്ത്യക്കാരനിലും പ്രതീക്ഷാകിരണം അരിച്ചിറങ്ങുകയാണ്.ഈ നേട്ടം അപ്രതീക്ഷിതമല്ല.ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനം(ISRO)ചന്ദ്രനിൽ ചാർത്തിയ ഈ കയ്യൊപ്പിലുള്ളത് ചാന്ദ്രഗവേഷണങ്ങളുടെ ദീർഘപാതയിലെ നിർണ്ണായകനേട്ടമാണ്. 2008ലെയും 2019ലെയും ചന്ദ്രയാൻ ദൗത്യങ്ങൾ,നടക്കാൻ പഠിച്ച ഈ കുട്ടിയുടെ പിച്ചവയ്പ്പുകളായിരുന്നുവെന്ന സാരം.പോരായ്മകളിൽനിന്ന് പാഠം ഉൾകൊണ്ട്,തിരിച്ചടികളെ അതിജീവിക്കുന്നതിന് ISRO കാണിച്ച വീര്യം പരാജിതർക്കു മുൻപിൽ പ്രതീക്ഷയുടെ നാളമായി ചരിത്രത്തിൽ അവശേഷിക്കും.

1969 മുതൽ1972 വരെയുള്ള കാലയളവിൽ മനുഷ്യർ ചന്ദ്രനിൽ കാൽകുത്തിയശേഷം ചാന്ദ്രഗവേഷണങ്ങൾക്ക് ഒരു നീണ്ട ഇടവേള നൽകിയിരുന്നു.പിന്നീട് നാല് പതിറ്റാണ്ടുകൾക്ക് ശേഷം ഇന്ത്യയുടെ പ്രഥമ ചാന്ദ്രദൗത്യം ലോകത്തിനു ചന്ദ്രനിൽ ജലസാന്നിധ്യമുണ്ടെന്ന വലിയ വെളിപ്പെടുത്തലാണ് ചന്ദ്രനിൽ ഒരിടം കണ്ടെത്താൻ ലോകരാഷ്ട്രങ്ങൾക്ക് പ്രേരകമാണ്. വെളിപ്പെടുത്തുന്ന അറിവിന്റെ അനന്തഖനിയിലേക്ക് ലോകം മിഴി തുറക്കുകയാണ്.വ്യത്യസ്ത ശാസ്ത്രീയ പഠനങ്ങൾക്കുള്ള 7 ഉപകരണങ്ങളുമായാണ് (പേലോഡുകൾ) പരിചന്ദ്രയാൻ ദൗത്യം ചന്ദ്രോപരിതലത്തിൽ എത്തിയിക്കുന്നത്.അവിടുത്തെ ധാതുക്കളെയും മൂലകങ്ങളെയും കുറിച്ച് അറിയുന്നതിനോടൊപ്പം ചന്ദ്രന്റെ ഉത്ഭവത്തെയും പരിണാമത്തെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുക,ഒപ്പം ഭാവി ബഹിരാകാശ ദൗത്യങ്ങൾക്ക് ചന്ദ്രൻ ഒരു ഇടതാവളമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളിലേക്കുള്ള ചുവടുവയ്പ്പാണ് ഇന്ത്യയുടെ ചന്ദ്രയാൻ-3.ഇതോടെ പല ചാന്ദ്രരഹസ്യങ്ങളും ഇന്ത്യയിലൂടെ ലോകരാഷ്ട്രങ്ങളുടെ കാതോരത്തെത്തുന്നു എന്നതിനാലാണ് ചന്ദ്രയാൻ ഇത്രമേൽ ലോകശ്രദ്ധയാകർഷിച്ചത് എന്നു കരുതണം.





സങ്കീർണ്ണമായ ഏതു സാങ്കേതിക മേഖലയിലും ഇന്ത്യക്കു കൈയ്യൊപ്പു ചാർത്താനാകുമെന്ന് തെളിയിച്ചിരിക്കുകയാണ് ചന്ദ്രയാൻ 3.ഉയരങ്ങൾ കീഴടക്കുന്നതിലുള്ള കുതിപ്പിൽ ഏതൊരു സ്വപ്നവും വിദൂരമല്ലെന്ന വെളിപ്പെടുത്തൽ രാജ്യത്തിനു മുമ്പിൽ ISRO കാണിച്ചുതരുന്നു.നമ്മുടെ കൂടുതൽ വാനവിജയങ്ങൾക്കായി കാത്തിരിക്കാം.

# മാവിൻ കൂട്ടുകാരൻ

ഒരു ഗ്രാമത്തിൽ രാജു എന്നൊരു കുട്ടിയും ഒരു വലിയ മാവ് മരവും ഉണ്ടായിരുന്നു. രാജുവിന്റെ വീടിന് തൊട്ടടുത്തുള്ള പറമ്പിലാണ് ആ മാവ് നിന്നിരുന്നത്. രാജുവിന് മാവിനോട് വളരെ സ്നേഹമായിരുന്നു.
രാജുവിന് ഓർമ്മ വെച്ച നാൾ മുതൽ ആ മാവ് അവിടെ ഉണ്ടായിരുന്നു. രാജുവിന് കളിക്കാൻ തോന്നുമ്പോൾ അവൻ മാവിന്റെ ചുവട്ടിൽ പോയി കളിക്കും. രാജുവിന് വിഷമം തോന്നുമ്പോൾ അവൻ മാവിന്റെ ചുവട്ടിൽ ഇരുന്ന് കരയും. മാവ് രാജുവിന് ഒരു കൂട്ടുകാരനെ പോലെയായിരുന്നു.
മാവിന് രാജുവിനോടും വളരെ സ്നേഹമായിരുന്നു. രാജു മാവിന്റെ ചുവട്ടിൽ കളിക്കുമ്പോൾ മാവ് അവന്റെ തലയിൽ തണൽ വിരിച്ചു കൊടുക്കും. രാജു മാവിന്റെ ചുവട്ടിൽ ഇരുന്ന് കരയുമ്പോൾ മാവ് അവന്റെ കണ്ണുനീർ തുടച്ചു കൊടുക്കും പോലെ ഇലകൾ അനക്കും.

ഒരു ദിവസം രാജുവിന്റെ അച്ഛൻ പറഞ്ഞു, "ഈ മാവ് വെട്ടണം. ഇത് വളരെ വലുതായി. ഇതിന്റെ ഇലകൾ വീട്ടിൽ വീഴുന്നു. ഇത് വെട്ടി കളഞ്ഞാൽ നമുക്ക് കൂടുതൽ വെളിച്ചം ലഭിക്കും."

രാജുവിന് വളരെ വിഷമം തോന്നി. അവൻ മാവിനോട് പറഞ്ഞു, "മാവേ, അച്ഛൻ നിന്നെ വെട്ടാൻ പോകുന്നു. എന്താണ് ചെയ്യേണ്ടത്?"

മാവ് പറഞ്ഞു, "മോനേ, വിഷമിക്കേണ്ട. എന്റെ സമയം അവസാനിച്ചു. ഞാൻ വെട്ടപ്പെട്ടാൽ പോലും നീ എന്നെ മറക്കരുത്. എന്റെ ഓർമ്മ നിന്റെ ഹൃദയത്തിൽ സൂക്ഷിക്കുക."

പിറ്റേന്ന് രാജുവിന്റെ അച്ഛൻ മാവ് വെട്ടി. രാജു വളരെ കരഞ്ഞു. മാവിന്റെ തടി കൊണ്ട് രാജുവിന്റെ അച്ഛൻ ഒരു മേശ ഉണ്ടാക്കി. രാജു ആ മേശയിൽ ഇരുന്ന് പഠിക്കാൻ തുടങ്ങി.

എപ്പോഴും രാജു മാവിനെ ഓർക്കും. മാവ് രാജുവിന് നൽകിയ സ്നേഹവും മാവിനോട് വളരെ സ്നേഹമായിരുന്നു.

# പിന്നെയും പാറുന്ന പൂമ്പാറ്റ

എന്നേ നീ വന്നു പാറുന്ന തീ വിണ്ണിൽ
തത്തിക്കളിച്ചു നീ പൂമ്പാറ്റേ...
പുലർക്കാലെ പുഷ്പിച്ച പൂക്കളിൽ
തേനുണ്ണാൻ കാലം കരുതിയ നെയ് വിളക്കേ

നിൻ വർണ്ണ കാന്തിതൻ ശോഭയാൽ
നിൻ കണ്ണിൽ വെന്നിക്കളിക്കുന്ന പൊൻതിളക്കം
പാരിന്റെ ശോഭയായ് പാറി നടന്നപ്പോൾ
നേരിന്റെ സത്യങ്ങൾ നീ മറന്നോ

പൂവുകൾ തോറും നീ തേനുണ്ടു പോയപ്പോൾ
എന്തേ കണ്ടില്ല പൂവിൻ  ശോഭ
പൂവിതളിൻ ഭംഗി, പൂമലർ പൂമ്പൊടി
പൂവിൻ പരിമളം എത്രയേറ്റം

എന്നീട്ടും നീ നിനച്ചെത്രയും ചന്തം
നിനക്കാണീ ഭൂമിയിലാരേക്കാളും
കാലം ഗമിക്കും കാലൊച്ചയില്ലാതെ
കാൽപ്പാടുകൾ തൻ നേർത്ത ശേഷിപ്പുമായി

പൂവിതൾ മണ്ണിന്റെ മാറിലമരും
വാനിലൊളിക്കും പൂമ്പാറ്റയും
ഓരോ ദിനവും ഓർമ്മയായി മാറുമ്പോൾ
ഓരോ നിനവും നീർച്ചാലിലാവും

അന്നു ഞാൻ പൈതലായ് പാറി നടന്നൊരു
ബാല്യത്തിൽ കാതലായ് ഓർമമയായി
ജഗത്തിൽ കൽപ്പിത പാവുകൾ നാം തമ്മിൽ
നൂലിഴ ചേർന്നൊരു കണ്ണിയായ്
അർക്കനുദിക്കും നിത്യവും നേരിന്റ

നേർ രേഖയായെന്നും പൂർവ്വദിക്കിൽ
തളിരുകൾ വീണ്ടും പുഷ്പിച്ചു ശോഭിച്ചു
ചാഞ്ചാട്ടും വാനിൽ പൂമാല പോൽ
എന്നിട്ടും വീണ്ടും കാലനിയോഗത്താൽ
പിന്നെയും പാറുന്നു പൂമ്പാറ്റ...

# ചെറിയ കൈകളും വലിയ പ്രതീക്ഷയും

കേരളത്തിന്റെ ഉൾഗ്രാമത്തിലെ സ്വപ്നപോലെ തെളിഞ്ഞ അരുവിയിൽ കളിച്ചു വളർന്ന രാജി എന്ന പെൺകുട്ടിയുടെ കഥയാണിത്. മഴക്കാലത്ത് നിറഞ്ഞൊഴുകുന്ന അരുവിയിൽ മീൻ പിടിക്കുകയും, കൂട്ടുകാരോടൊപ്പം കുളിക്കുകയും ചെയ്ത ദിനങ്ങളുടെ ഓർമ്മകൾ രാജി മനസ്സിൽ സൂക്ഷിച്ചിരുന്നു. പക്ഷേ, കാലം കടന്നുപോയപ്പോൾ മാറ്റങ്ങൾ സംഭവിച്ചു. മഴ കുറഞ്ഞു, അരുവി വറ്റിത്തുടങ്ങി. ചൂട് കൂടിയതോടെ കുടിവെള്ളത്തിനുപോലും പഞ്ഞമായി. ഒരു ദിവസം, വൈകുന്നേരം കളിക്കാനായി അരുവിയിലേക്ക് പോയ രാജി കണ്ട കാഴ്ച അവളെ ഞെട്ടിച്ചു. വറ്റിവരണ്ട അരുവിയിൽ മീനുകൾ ചത്തുകിടക്കുന്നു. നദിയുടെ ജീവൻ വിട്ടുന്നതുപോലെ തോന്നി. അന്നു രാത്രി രാജി ഉറങ്ങിയില്ല. നദിയെ രക്ഷിക്കാനായി എന്തെങ്കിലും ചെയ്യണം എന്ന ചിന്ത അവളെ അസ്വസ്ഥയാക്കി. പിറ്റേന്ന് സ്കൂളിൽ 'ജലസംരക്ഷണം' എന്ന വിഷയത്തെക്കുറിച്ച് ചർച്ച നടന്നു. നദികളുടെ പ്രാധാന്യത്തെക്കുറിച്ചും ജലദൗർലഭ്യത്തെക്കുറിച്ചും അധ്യാപകൻ സംസാരിക്കുന്നത് രാജി ശ്രദ്ധിച്ചു കേട്ടു. അല്പവെള്ളം പാഴാക്കാതിരിക്കുക, മഴവെള്ളം സംഭരിക്കുക, ചെടികൾ നനയ്ക്കുന്ന രീതിയിൽ മാറ്റം വരുത്തുക തുടങ്ങിയ വഴികൾ അദ്ദേഹം പറഞ്ഞു.

ഇതുകേട്ട് രാജിക്ക് ഒരു ആശയം തോന്നി. "വെള്ളം കൂടിയുള്ള കാലത്ത് വെള്ളം സംഭരിക്കുകയും ആവശ്യമുള്ളപ്പോൾ ഉപയോഗിക്കുകയും ചെയ്താൽ നദിയെ രക്ഷിക്കാനാകും." അവൾ ക്ലാസിൽ തന്നെ ഈ ആശയം അവതരിപ്പിച്ചു. കൂട്ടുകാരും അധ്യാപകരും ഇഷ്ടപ്പെട്ടു. അങ്ങനെ സ്കൂളിൽ മഴവെള്ളം സംഭരിക്കാനുള്ള പദ്ധതി ആരംഭിച്ചു. രാജി തന്റെ വീട്ടിലും ഇതേ രീതി നടപ്പാക്കി. ചെടിചട്ടികളിൽ മഴവെള്ളം സംഭരിച്ചു. വീട്ടിലെ ആവശ്യങ്ങൾക്ക് പരമാവധി മഴവെള്ളം ഉപയോഗിക്കാൻ പ്രോത്സാഹിപ്പിച്ചു. സമീപവാസികളെയും ഇതേക്കുറിച്ച് ബോധവത്കരിച്ചു. വർഷങ്ങൾ കടന്നുപോയി. രാജിയുടെയും നാട്ടുകാരുടെയും ശ്രമഫലമായി പാഴ്വെള്ളം കുറഞ്ഞു. മഴവെള്ളം സംഭരണിയിലൂടെ ലഭ്യമായി. അരുവി വീണ്ടും ജീവൻ വച്ചു. മീനുകൾ വീണ്ടും നദിയിൽ നൃത്തം ചെയ്തു. ചെറിയ കൈകൾ ചേർന്നപ്പോൾ നടന്ന വലിയ മാറ്റമായിരുന്നു അത്. ജലം ദുർലഭമാണ് എന്ന് നേരത്തെ തിരിച്ചറിഞ്ഞ് നടപടി എടുത്തതിന്റെ ഫലമായി നദിയെ നിലനിർത്താൻ രാജിക്കും നാട്ടുകാർക്കും കഴിഞ്ഞു.

# ഭാവിയുടെ ശാസ്ത്രം

മലയാളം ടെലിവിഷൻ ചരിത്രത്തിൽ ആദ്യമായി ആർട്ടിഫിക്കൽ ഇന്റലിജൻസ് ഉപയോഗിച്ച സൃഷ്ടിച്ച ഇവാൻ എന്ന ആങ്കർ മീഡിയ വണ്ണിനുവേണ്ടി വാർത്ത വായിച്ചത് അത്ഭുതത്തോടെയാണ് മലയാളി നോക്കി വായിച്ചത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ ഗവേഷണങ്ങൾ ഇനിയും പുരോഗമിച്ചാലും വരും കലനങ്ങളിൽ സമസ്ത മേഖലയിലും അതിന്റെ പ്രഭാവം ദർശിക്കാനാവും . പലതരത്തിൽ പലപ്പോഴായി ശേഖരിക്കുന്ന ഡാറ്റകൾ ഉപയോഗിച്ച വിശാലമായ പദ്ധതികൾ വിഭാവനം ചെയ്യുവാനും നടപ്പിലാകാനും നിർമിത ബുദ്ധിക്ക് കഴിയുമെന്നത് ആശാവഹമായ ഒരു നോട്ടം തന്നെയാണ് . ഓസ്ഫോർഡ് യൂണിവേഴ്സിറ്റി ശാസ്ത്രജ്ഞന്മാരുടെ പഠനമനുസരിച് 2024 ആർട്ടിഫിക്കൽ ഇന്റലിജൻസ് ഭാഷ വിവർത്തനം ചെയ്യുന്നതിൽ മനുഷ്യരേക്കാൾ മികച്ചതായി തീരും .2049 ഓടെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഒരു പുസ്തകം എഴുതാൻ നിർമിത ബുദ്ധിക് സാധിക്കും .ഭാവിയിൽ ക്ലാസ് മുറികളിൽ അധ്യാപകനായി ഒരു റോബോർട്ട് കടന്നുവന്നാലും അത്ഭുതപ്പെടാനില്ല.ആരോഗ്യ മേഖലയിൽ നിർണായകമായ പല മാറ്റങ്ങളും കൊണ്ടുവരാൻ ആർട്ടിഫിഷ്യൽ ഇന്റെലിജൻസിന് സാധ്യമാകും .ഒരു രോഗിയെ കണ്ട മാത്രയിൽ തന്നെ സ്കാൻ ചെയ്ത അയാളുടെ മുറിവാണ് രോഗങ്ങളും കണ്ടെത്താൻ കഴിയുന്ന റോബോർഡ് ഡോക്ടർ സമിതിപഭാവിയിൽ പ്രത്യക്ഷപ്പെട്ടേക്കാം .ഒരു റോബോർഡ് സർജൻ സൂക്ഷ്മതയോടെ ശസ്ത്രക്രിയ നടത്തുമ്പോൾ മനുഷ്യ സർജൻ കാഴ്ചക്കാരനായി മാത്രം നിൽക്കേണ്ടി വന്നേകം .പൂർവ രേഖകളിൽ നിന്നു ഒരു വ്യക്തിക്ക് ആവശ്യമായ മരുന്നുകളും അനിവാര്യമായ പോഷഹാകരകളും നിശ്ചയിക്കാൻ ആർട്ടിഫിഷ്യൽ ഇന്റെലിജൻസിന് സാധ്യമാകും .രണ്ടോ മൂന്നോ ദശാബ്ദങ്ങൾക്കുള്ളിൽ തന്നെ വിപണിയിൽ ഇറങ്ങുന്ന വാഹനങ്ങൾ എല്ലാം സെല്ഫ് ഡ്രൈവിംഗ് സിസ്റ്റത്തിൽ ആയിരിക്കും പ്രവർത്തിക്കുക .മനുഷ്യന്റെ അശ്രദ്ധ കൊണ്ടുണ്ടാവുന്ന അപകടങ്ങളും മരണങ്ങളും ഇല്ലാതാക്കാൻ ഈ സംവിധാനത്തിലൂടെ കഴിയും .ഓർഡർ ചെയ്ത മിനിറ്റുകൾക്കകം ഡ്രോണിലൂടെ സാധനങ്ങൾ വിട്ടുമുറ്റത്ത് എത്തുവാൻ സജ്ജമാകും.ദൈന്യം ദിന ഇടപാടുകൾ കൂടുതൽ ലളിതം ആകാൻ തിരിച്ചറിയൽ കാർഡ് പോലുള്ള രേഖകൾക് പകരം ഓരോ മനുഷ്യനെയും അയാളുടെ ജൈവികഘടനയെ മനസ്സിലാക്കി തിരിച്ചറിയാൻ കഴിയുന്ന സംവിധാനങ്ങൾ കടന്നു വന്നേതാ മേഖലകളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് ഗണ്യമായ സ്വാതീനം ചെലുത്താൻ സാധിക്കും .അത് മനുഷ്യജീവിതത്തെ ലളിതവും ആയാസരഹിതവുമാക്കി മറ്റും .എന്നാൽ അമിതമായാൽ അമൃതും വിഷം എന്ന് പറയുന്നതുപോലെ ബുദ്ധിയുടെ മേഖലയിലെ വഴിവിട്ട അനേഷണങ്ങൾ മനുഷ്യരാക്ഷിയുടെ നാശത്തിലേക്കു പോലും നയിക്കപ്പെടുമെന്ന് ശാസ്ത്രജ്ഞമാർ ഇന്ന് ആകുലപ്പെടുന്നു .

# അപകടംപതിയിരിക്കുന്ന കൃത്രിമ ബുദ്ധി

കൃത്രിമ ബുദ്ധിയുടെ പിതാവെന്ന് വിശേഷിപ്പിക്കുന്ന ജെഫ്രി ഹിന്റന്റ് ഗൂഗിളിൽ നിന്ന് വിരമിച്ച ശേഷം പശ്ചാത്താപത്തോടെ ലോകത്തോട് പറഞ്ഞത് ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് മനുഷ്യരാശിക് തന്നെ ഭീഷണി ആവാം എന്നാണ് .ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ നിന്നു ആർട്ടിഫിഷ്യൽ സൂപ്പർ ഇന്റെലിജൻസിലേക് ഗവേഷണങ്ങൾ പുരോഗമിക്കുമ്പോൾ മനുഷ്യനെ പോലും നിയന്ത്രിക്കാൻ കഴിയുന്ന റോബോർട്ടുകൾ സൃഷ്ടിക്കപ്പെട്ടേക്കാം .ഗൂഗിളും മെറ്റായും അടക്കം ടെക് ലോകത് വിരാജിക്കുന്ന വമ്പന്മാർ എല്ലാം എ ഐ മേഖലയിൽ ഇതിനോടകം തന്നെ വൻ തുകകൾ നിക്ഷേപിച്ചു കഴിഞ്ഞു.റഷ്യയും ചൈനയും അമേരിക്കയും അടക്കം മുൻനിര രാഷ്ട്രങ്ങൾ എല്ലാം യുദ്ധരംഗത് ആർട്ടിഫിഷ്യൽ സൂപ്പർ ഇന്റെലിജന്സിനെ എങ്ങനെ ഉപയോഗിക്കാം എന്നതിനെ കുറിച്ചു കൊട്ടുത്താൽ ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ് .ഇരുപതാം നൂറ്റാണ്ടിൽ ആണവ ഊർജത്തിന്റെ കണ്ടെത്തലും പ്രയോഗവുമായിരുന്നു മാനവ രാശിയെ അത്ഭുതപെടുത്തിയത്ങ്കിൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസാവും ആവും മനുഷ്യനെ അത്ഭുതപെടുത്തുക.മനുഷ്യൻ കണ്ടെത്തുന്ന ഏറ്റവും അവസാനത്തെ കണ്ടത്തെൽ ആയിരിക്കും ആർട്ടിഫിഷ്യൽ സൂപ്പർ ഇന്റലിജൻസ് . മനുഷ്യനേക്കാൾ ബുദ്ധിയുള്ള റോബോട്ടുകൾ രംഗ്ഗപ്രേവേശനം ചെയ്താൽ മനുഷ്യൻ നിയന്ത്രിച്ചവയെ നാളെ അവ നിയന്ത്രിക്കും. അതോടെ ലോകത്തിന്റെ നിയന്ത്രണത്തെ യന്ത്രങ്ങൾ ഏറ്റെടുക്കും .റോബോട്ടുകൾ വേഗമേറിയതും ശക്തവും കൂടുതൽ കൃത്യതയാർന്നതും ആണ് അതുകൊണ്ടുതന്നെ മനുഷ്യൻ അവന്റെ ജോലി സ്ഥലങ്ങളിൽ നിന്ന് നിഷ്കാസിതരായേക്കാം .വൻ തോതിലുള്ള തൊഴിൽ നഷ്ട്ടം ജനങ്ങൾക്കുണ്ടാവാൻ സാധ്യതയുണ്ട്.വൻകിട കമ്പനികളുടെ അനിയന്ത്രിതമായ എ ഐ ഉപയോഗം ഡിജിറ്റൽ സവകാരിതയെ ഇല്ലാതാക്കാം എ ഐ യുടെ ഭാവനയിൽ സൃഷ്ട്ടിച്ച മനുഷ്യ പരിണാമത്തിന്റെ ചരിത്രത്തിൽ പോലും ആധുനിക മനുഷ്യന് പരിണാമം സംഭവിച്ചു റോബോർട്ടുകളും ,ചിപ്പുകളുമായി മാറുന്നതായിയാണ് ചിത്രിത്തികരിച്ചിരിക്കുന്നത് .കാര്യങ്ങൾ ഈ രീതിയിൽ പോര്ഗ്ഗമിച്ചാൽ മനുഷ്യൻ ഭൂമുഖത്തുനിന്നു അപ്രത്യക്ഷമാവുകയും ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് ലോകം ഭരിക്കുകയും ചെയ്യുന്ന അവസ്ഥ സജ്ജമാകും .

# കൃത്രിമ ബുദ്ധി

കൃത്രിമ ബുദ്ധിയുടെ പിതാവെന്ന് വിശേഷിപ്പിക്കുന്ന ജെഫ്രി ഹിന്റന്റ് ഗൂഗിളിൽ നിന്ന് വിരമിച്ച ശേഷം പശ്ചാത്താപത്തോടെ ലോകത്തോട് പറഞ്ഞത് ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് മനുഷ്യരാശിക് തന്നെ ഭീഷണി ആവാം എന്നാണ് .ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ നിന്നു ആർട്ടിഫിഷ്യൽ സൂപ്പർ ഇന്റെലിജൻസിലേക് ഗവേഷണങ്ങൾ പുരോഗമിക്കുമ്പോൾ മനുഷ്യനെ പോലും നിയന്ത്രിക്കാൻ കഴിയുന്ന റോബോർട്ടുകൾ സൃഷ്ടിക്കപ്പെട്ടേക്കാം .ഗൂഗിളും മെറ്റായും അടക്കം ടെക് ലോകത് വിരാജിക്കുന്ന വമ്പന്മാർ എല്ലാം എ ഐ  മേഖലയിൽ ഇതിനോടകം തന്നെ വൻ തുകകൾ നിക്ഷേപിച്ചു കഴിഞ്ഞു.റഷ്യയും ചൈനയും അമേരിക്കയും അടക്കം മുൻനിര രാഷ്ട്രങ്ങൾ എല്ലാം യുദ്ധരംഗത് ആർട്ടിഫിഷ്യൽ സൂപ്പർ ഇന്റെലിജന്സിനെ എങ്ങനെ ഉപയോഗിക്കാം എന്നതിനെ കുറിച്ചു കൊട്ടത്താൽ ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ് .ഇരുപതാം നൂറ്റാണ്ടിൽ ആണവ ഊർജത്തിന്റെ കണ്ടെത്തലും പ്രയോഗവുമായിരുന്നു മാനവ രാശിയെ അത്ഭുതപെടുത്തിയത്ങ്കിൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസാവും  ആവും മനുഷ്യനെ അത്ഭുതപെടുത്തുക.മനുഷ്യൻ കണ്ടെത്തുന്ന ഏറ്റവും അവസാനത്തെ കണ്ടത്തെൽ ആയിരിക്കും ആർട്ടിഫിഷ്യൽ സൂപ്പർ ഇന്റലിജൻസ് .  മനുഷ്യനേക്കാൾ ബുദ്ധിയുള്ള റോബോട്ടുകൾ രംഗ്ഗപ്രേവേശനം ചെയ്താൽ മനുഷ്യൻ നിയന്ത്രിച്ചവയെ നാളെ അവ നിയന്ത്രിക്കും. അതോടെ ലോകത്തിന്റെ നിയന്ത്രണത്തെ യന്ത്രങ്ങൾ ഏറ്റെടുക്കും .റോബോട്ടുകൾ വേഗമേറിയതും ശക്തവും കൂടുതൽ കൃത്യതയാർന്നതും ആണ് അതുകൊണ്ടുതന്നെ മനുഷ്യൻ അവന്റെ ജോലി സ്ഥലങ്ങളിൽ നിന്ന് നിഷ്കാസിതരായേക്കാം .വൻ തോതിലുള്ള തൊഴിൽ നഷ്ട്ടം ജനങ്ങൾക്കുണ്ടാവാൻ സാധ്യതയുണ്ട്.വൻകിട കമ്പനികളുടെ അനിയന്ത്രിതമായ എ ഐ ഉപയോഗം ഡിജിറ്റൽ സവകാരിതയെ ഇല്ലാതാക്കാം എ ഐ യുടെ ഭാവനയിൽ സൃഷ്ട്ടിച്ച മനുഷ്യ പരിണാമത്തിന്റെ ചരിത്രത്തിൽ പോലും ആധുനിക മനുഷ്യന് പരിണാമം സംഭവിച്ചു റോബോർട്ടുകളും ,ചിപ്പുകളുമായി മാറുന്നതായിയാണ് ചിത്രിത്തികരിച്ചിരിക്കുന്നത് .കാര്യങ്ങൾ ഈ രീതിയിൽ പോര്ഗ്ഗമിച്ചാൽ മനുഷ്യൻ ഭൂമുഖത്തുനിന്നു അപ്രത്യക്ഷമാവുകയും  ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് ലോകം ഭരിക്കുകയും ചെയ്യുന്ന അവസ്ഥ സജ്ജമാകും .

# വാടുന്ന ശിഖരം

വാടിത്തളരുന്ന നേർത്ത ശിഖരത്തിൻ
കൊഴിയുവാനിനിയൊരില ബാക്കിയില്ല
ആഴികൾതോറുമടങ്ങാതെ താപത്തിൽ
ആയിരം ചെണ്ടുകൾ അടരുന്നുവാനേരം
ആദിത്യകോപം തെറിപ്പിച്ച മേഘത്തെ
ദൂരെയേതോ ദിക്കിൽ...
കനിവാർന്ന മഴയോമറഞ്ഞു ദൂരത്തെവിടെയോ
പിൻകാലമെപ്പോഴും കാലം കാത്ത കരുതലിൻ
മഴയാൽ മണ്ണോ  നനഞ്ഞിരുന്നു.
മരങ്ങളാർത്തുല്ലസിച്ചു പൂത്തുലഞ്ഞിരുന്നു
മാനവ നയനങ്ങൾ കണ്ടുതൻ സ്വാർത്ഥലാഭത്താൽ
വെട്ടിയകറ്റിയ പച്ചപ്പിൻ കേതാരങ്ങൾ
തൻനിമിത്തമിത്തരം ദുഃഖങ്ങൾ വന്നു ചേർന്നായ്കയാൽ
മരമേ നിൻമനമെന്തെന്നറിയുന്നു... ഞാനിന്നു
ശ്രമിക്കുന്നു...
നിന്നിലെ ഹരിതങ്ങൾക്കായി
എങ്കിലും നീ ക്ഷമിക്ക...
മർത്യന്റെ മാരക മന്ത്രങ്ങൾ
നിന്നിലേൽപ്പിച്ച മുറിവുകൾ വേദനകൾ.

# ബയോ സ്റ്റാറ്റിസ്റ്റിക്സ് ആരോഗ്യ പഠനത്തിന്

ബയോ സ്റ്റാറ്റിസ്റ്റിക്സ് എന്നത് ജീവശാസ്ത്രം, വൈദ്യശാസ്ത്രം, പൊതുജനാരോഗ്യം എന്നിവയിൽ ഉപയോഗിക്കുന്ന സ്ഥിതിവിവരക്കണക്കുകളുടെ ഒരു ശാഖയാണ്. രോഗനിർണയം, ചികിത്സ, പ്രതിരോധം എന്നിവയുൾപ്പെടെയുള്ള ആരോഗ്യ പഠനത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഇത് ഒരു പ്രധാന പങ്ക് വഹിക്കുന്നു.

ബയോ സ്റ്റാറ്റിസ്റ്റിക്സ് ഉപയോഗിക്കുന്ന ചില പ്രധാന മാർഗ്ഗങ്ങൾ ഇതാ:

രോഗങ്ങളുടെ കാരണങ്ങളും ഫലങ്ങളും പഠിക്കാൻ:ബയോ സ്റ്റാറ്റിസ്റ്റിഷ്യൻമാർ രോഗങ്ങളുടെയും മറ്റ് ആരോഗ്യ പ്രശ്നങ്ങളുടെയും കാരണങ്ങളും ഫലങ്ങളും പഠിക്കാൻ സാധ്യതാ പഠനങ്ങളും മറ്റ് സ്ഥിതിവിവരക്കണക്ക് രീതികളും ഉപയോഗിക്കുന്നു.ഈ വിവരങ്ങൾ പുതിയ ചികിത്സകളും പ്രതിരോധ നടപടികളും വികസിപ്പിക്കാൻ സഹായിക്കും.

ക്ലിനിക്കൽ ട്രയലുകൾ രൂപകൽപ്പന ചെയ്യാനും വിശകലനം ചെയ്യാനും:പുതിയ ചികിത്സകളുടെയും മരുന്നുകളുടെയും ഫലപ്രാപ്തി വിലയിരുത്താൻ ക്ലിനിക്കൽ ട്രയലുകൾ നടത്തുന്നു.ബയോ സ്റ്റാറ്റിസ്റ്റിഷ്യൻമാർ ട്രയലുകൾ രൂപകൽപ്പന ചെയ്യാനും ഫലങ്ങൾ വിശകലനം ചെയ്യാനും സഹായിക്കുന്നു.ഈ വിവരങ്ങൾ ഡോക്ടർമാർക്ക് രോഗികൾക്ക് ഏറ്റവും മികച്ച ചികിത്സ തിരഞ്ഞെടുക്കാൻ സഹായിക്കും.

പൊതുജനാരോഗ്യ പരിപാടികൾ വിലയിരുത്താൻ:ബയോ സ്റ്റാറ്റിസ്റ്റിഷ്യൻമാർ പൊതുജനാരോഗ്യ പരിപാടികളുടെ ഫലപ്രാപ്തി വിലയിരുത്താൻ സഹായിക്കുന്നു.ഈ വിവരങ്ങൾ പരിപാടികൾ മെച്ചപ്പെടുത്താനും പരിമിതമായ വിഭവങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാനും സഹായിക്കും.


ബയോ സ്റ്റാറ്റിസ്റ്റിക്സ് ആരോഗ്യ പഠനത്തിന് ഒരു പ്രധാന ഉപകരണമാണ്. രോഗങ്ങളെക്കുറിച്ചുള്ള നമ്മുടെ ധാരണ മെച്ചപ്പെടുത്താനും പുതിയ ചികിത്സകളും പ്രതിരോധ നടപടികളും വികസിപ്പിക്കാനും ഇത് സഹായിക്കുന്നു. ആരോഗ്യ പരിരക്ഷാ സംവിധാനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കാൻ ഇത് സഹായിക്കുന്നു.

ബയോ സ്റ്റാറ്റിസ്റ്റിക്സിൽ ഒരു കരിയർ ആരംഭിക്കാൻ താൽപ്പര്യമുള്ളവർക്ക് ഗണിതം, സ്ഥിതിവിവരക്കണക്ക്, ജീവശാസ്ത്രം അല്ലെങ്കിൽ വൈദ്യശാസ്ത്രം എന്നിവയിൽ ബിരുദം നേടേണ്ടതുണ്ട്. ബയോ സ്റ്റാറ്റിസ്റ്റിക്സിൽ ഒരു ബിരുദാനന്തര ബിരുദം നേടുന്നത് ഈ മേഖലയിലെ ഒരു കരിയറിന് നിങ്ങളെ കൂടുതൽ സജ്ജരാക്കും.

ഇന്ത്യയിലെ ആരോഗ്യ പഠനങ്ങളിൽ ബയോ സ്റ്റാറ്റിസ്റ്റിക്സിന്റെ പങ്ക്: ഇന്ത്യയിലെ പ്രത്യേക സാഹചര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യുക. ഉദാഹരണത്തിന്, ജനസംഖ്യാപരമായ വൈവിധ്യം, പരിമിതമായ വിഭവങ്ങൾ, രോഗബാധയുടെ മാതൃകകൾ എന്നിവ മുതലുള്ള വെല്ലുവിളികളെ ബയോ സ്റ്റാറ്റിസ്റ്റിക്സ് എങ്ങനെ നേരിടുന്നു.

# ജീവിതത്തിന്റെ പൂക്കൾ

പുലരിയുടെ സ്വർണ്ണക്കിരണങ്ങൾ ചിതറുമ്പോൾ,



ചെമ്പകപ്പൂവിന്റെ സുഗന്ധം മന്ദമായൊഴുകുമ്പോൾ,
കളിക്കൂട്ടുകാരോടൊപ്പം ചിരി തൂകിപറക്കുമ്പോൾ,
ഹൃദയം പറയും, സന്തോഷമേ, നീയെത്തെല്ലാം.

മഴത്തുള്ളികൾ പാട്ടുപാടും ഇലത്തണലിൽ,
കുഞ്ഞുപൂമ്പാറ്റകൾ പറന്നുയരുന്ന വെയിലിൽ,
കടൽത്തീരത്ത് തിരമാലകൾ മൃദുവായ് തഴുകുമ്പോൾ,
ഹൃദയം പറയും, സന്തോഷമേ, നീയെത്തെല്ലാം.

കുടുംബത്തിന്റെ സ്നേഹത്തിന്റെ ചൂടിൽ മയങ്ങുമ്പോൾ,
സുഹൃത്തുക്കളുടെ തോളത്തു ചാരി സംസാരിക്കുമ്പോൾ,
ഒരു സ്വപ്നം നെയ്ത്തു നടക്കുമ്പോൾ, ക്ഷീണമറിയാതെ,
ഹൃദയം പറയും, സന്തോഷമേ, നീയെത്തെല്ലാം.

ചെറിയ കാര്യങ്ങളിലും സന്തോഷം കണ്ടെത്തുമ്പോൾ,

# ആകാശം

പകൽ മേഘങ്ങളും രാത്രി നക്ഷത്രങ്ങളും നിറഞ്ഞുനിൽക്കുന്ന ആകാശത്തെ ആസ്വാദിക്കാത്തവരുണ്ടാകുമോ? എന്നാൽ പഞ്ചഭൂതങ്ങളിൽ അഞ്ചാമനായ ആകാശം എന്നത് ഭൂമിക്കു മുകളിൽ നാം കാണുന്ന ആകാശമാണോ അല്ല എന്നതാണ് യാഥാർഥ്യം .എന്താണ് ആകാശം ? പ്രൈമറി സുബ്സ്റ്റൻസ് എന്ന അർഥം വരുന്ന ആകാശ് ഒരു സംസ്കൃത വാക്കാണ് .SPACE അല്ലെങ്കിൽ ETHER എന്നാണ് പരിഭാഷ .മനുഷ്യ ശരീരം അഞ്ചു അടിസ്ഥാന ഘടകളാൽ നിര്മിതമായിരിക്കുന്നു അന്നും അതിൽ അഞ്ചാമനാണ് ആകാശം എന്നുമാണ് വിവക്ഷ .മനുഷ്യശരീരത്തിൽ എവിടെയൊക്കെ SPACE ഉണ്ടോ അതൊക്കെ ആകാശമായി കണക്കാക്കപ്പെടുന്നു .ശൂന്യമായതിനെ നിറക്കുന്നതാണ് ആകാശം .അത് ചിലപ്പോൾ തരംഗങ്ങളായോ രശ്മികളായോ ശരീരത്തിൽ കാണപ്പെടാം .പഞ്ചഭൂതങ്ങളിൽ അഞ്ചാമനാണ് ആകാശം എങ്കിലും അതിനെ ഏറ്റവും അടിസ്ഥാന ഘടകമായും മറ്റു ഘടകങ്ങളെല്ലാം ഉറവിടവുമായാണ് കണക്കാക്കുന്നത് .കാരണം സ്പേസ് ഇല്ലാതെ ഒന്നിനും നിലനിക്കാനാവില്ല എന്നുതന്നെ .നമ്മിലുള്ള അതിന്ദ്രീയമായ ഒരു ജ്ഞാനത്തിന്റെ രേഖപെടുതലായും ആകാശം വ്യാഖാനിക്കപ്പെടുന്നുണ്ട് .അതിപ്രധാനമായ ഒരു നേട്ടമോ വിജയമോ സംഭവിക്കുമ്പോൾ അറിയാതെതന്നെ മുകളിലേക്കു നോക്കി നന്ദി പറയുന്ന ഒരു ഭാവം നമ്മിൽ വരാറുണ്ട് .കണ്ണടച്ചു പ്രാർത്ഥിക്കുന്നതും മിഴി പൂട്ടി ധ്യാനിക്കുന്നതും ചിന്തിക്കുന്നതുമൊക്കെ ഇന്ദ്രിയങ്ങൾക്കപ്പുറത്തുള്ള അനുഭവമായ ആകാശത്തിന്റെ ബാഹ്യ രൂപങ്ങളാണ് .മിത്തോളജി അനുസരിച്ചു ഇങ്ങനെയൊക്കെ ആധുനിക സയൻസിൽ ഇതിന് അതിപ്രശക്തിയില്ല .കാരണം ശരീരം നിർമിച്ചിരിക്കുന്നത് അഞ്ചു മൂലകൾകൊണ്ട് മാത്രമല്ല എന്നു ശാസ്ത്രം തെളിയിച്ചു .ആറ്റോമിക് തിയറി അനുസരിച്ചു നമ്മുക് അറിയാവുന്നതുപോലെ എല്ലാം നിർമിക്കപ്പെട്ടിരിക്കുന്നത്. ആകാശം എന്നതിനെ ഇന്ത്യൻ വീക്ഷണത്തിൽ നമ്മൾ കാണുന്ന ആകാശത്തെയും വ്യാഖ്യാനിക്കറുണ്ട് .അതായത് സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമൊക്കെ നിറഞ്ഞുനിൽക്കുന്ന മനോഹരമായ ആകാശം .ആകാശത്തിന്റെ മറ്റൊരു ആകർഷണീയതയാണ് ഒഴുകി നടക്കുന്ന മേഘങ്ങൾ .ജാലകണികകളാൽ നിർമ്മിതമാണ് മേഘങ്ങൾ .അവിടെയുള്ള വായു പ്രവാഹത്തിന്റെ ശക്തി കൂടുന്നതനുസരിച്ചു മേഘങ്ങളുടെ വേഗതയും കൂടും .ആകാശത്തെ നമ്മുടെ വ്യക്തിജീവിതവുമായി നമ്മുക്ക് ചേർത്തുവെയ്ക്കാം .ഞാൻ കാണുന്ന ആകാശത്തെ ഞാൻ ആസ്വാദിക്കുന്ന രീതിയും മറ്റൊരാൾ ആസ്വാദിക്കുന്ന രീതിയും വ്യത്യസ്തമാണ് .അതുപോലെ എന്റെ ആകാശം മറ്റൊരാളുടെ ആകാശവും വ്യത്യസ്തമാണ്.ഒരുവന്റെ ആകാശം അയാൾ കാണുന്ന ,എത്തിച്ചേരാൻ ആഗ്രഹിക്കുന്ന അയാളുടെ സ്വപ്നങ്ങളാണ് .ഓരോരുത്തരുടെയും ആകാശം വ്യത്യസ്തമാണ് .ആ ആകാശത്തെ സാക്ഷാത്കരിക്കാനുള്ള അധ്വാനവും വ്യത്യസ്തമാണ് .സ്വന്തം ആകാശത്തെ തിരിച്ചറിയുന്നതിനൊപ്പം തന്നെ പ്രധാന്യമാണ് അപരന്റെ ആകാശത്തെ അംഗീകരിക്കുന്നതും .സ്വന്തം ആകാശത്തെ നഷ്ടപ്പെടുത്താൻ ആരെയും അനുവദിക്കരുത് .കാരണം ആ ആകാശം നിങ്ങളുടെ

# കണ്ണീർമണികൾ

സൂര്യന്റെ ആദ്യ കിരണങ്ങൾ മാണിക്യന്റെ മുഖത്ത് തഴുകിയിറങ്ങുമ്പോഴും, അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. സ്കൂളിലേക്ക് പോകാനുള്ള തയ്യാറെടുപ്പുകളൊന്നും ചെയ്തിട്ടില്ല. പുസ്തകങ്ങളെടുക്കാനോ യൂണിഫോം ധരിക്കാനോ തോന്നുന്നില്ല. മണിക്കൂറുകൾ കഴിഞ്ഞാലും അവൻ ജനൽപഴുക്കിലൂടെ പുറത്തേക്ക് നോക്കി നിന്നു. അവിടെ കളിക്കുന്ന കുട്ടികളുടെ സന്തോഷം അവനെ കൂടുതൽ വിഷമിപ്പിച്ചു.

എട്ടാം ക്ലാസുകാരനായ മണിക്കുട്ടന് സ്കൂൾ എന്നൊരു പീഡനകേന്ദ്രമായിരുന്നു. കൂട്ടുകാരുടെ പരിഹാസവും അധ്യാപകരുടെ ശകാരവും നിത്യജീവിതമായി മാറിയിരുന്നു. വായിക്കാനും എഴുതാനുമുള്ള അവന്റെ കഴിവ്, സഹപാഠികൾ ദുരുപയോഗം ചെയ്തിരുന്നു. പഠനത്തിൽ മുന്നിൽ നിൽക്കുന്നതും അവന് ശത്രുക്കളെ ഉണ്ടാക്കി. ചില അധ്യാപകർ കാര്യം മനസ്സിലാക്കാൻ ശ്രമിച്ചില്ല. മറ്റു കുട്ടികളെപോലെ പെരുമാറാത്തതിന്റെ പേരിൽ ശിക്ഷയായി കണക്കായിരുന്നു.

ഒരു ദിവസം, സ്കൂളിൽ അസംബ്ലിയിൽ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള ഒരു പരിപാടി ഉണ്ടായിരുന്നു. ഓരോരുത്തരും പാട്ടും നൃത്തവും കളികളും കാണിച്ചു. എന്നാൽ മണിക്കുട്ടന് എന്താണ് ചെയ്യേണ്ടതെന്ന് അറിയില്ലായിരുന്നു. അവൻ തന്റെ കവിതകളൊന്നും വായിക്കാൻ ധൈര്യപ്പെട്ടില്ല. പരിപാടി കഴിഞ്ഞപ്പോൾ, അവൻ ഒറ്റയ്ക്കിരിക്കാൻ ഒരു മരച്ചുവട്ടിലേക്ക് പോയി. അവിടെ ഇരുന്ന് കണ്ണീർ വീഴ്ത്തി. പെട്ടെന്ന്, സീത ടീച്ചർ അവനരികിൽ വന്നു. നിന്റെ മുഖഭാവം ശരിയല്ലല്ലോ എന്താണ് പ്രശ്നം? എന്ന് ചോദിച്ചു.

മണിക്കുട്ടൻ മടിച്ചുമടിച്ചു തന്റെ കഥ പറഞ്ഞു. സീത ടീച്ചർ ശ്രദ്ധയോടെ കേട്ടു. അവന് സഹായം വാഗ്ദാനം ചെയ്തു. അടുത്ത ദിവസം, ക്ലാസിന്റെ മുന്നിൽ നിന്ന് നിന്റെ കവിതകൾ വായിക്കാൻ കഴിയുമോ? എന്ന് ചോദിച്ചു. ആദ്യം മണിക്കുട്ടന്

പേടിയായിരുന്നു. പക്ഷേ, സീത ടീച്ചറുടെ പ്രോത്സാഹനത്തോടെ അവൻ സമ്മതിച്ചു. അടുത്ത ദിവസം, ക്ലാസിൽ മുഴങ്ങിയ മണിക്കുട്ടന്റെ കവിതകൾ എല്ലാവരെയും നിശബ്ദരാക്കി. അവന്റെ വാക്കുകളിലെ വേദനയും സന്തോഷവും കുട്ടികളുടെ ഹൃദയങ്ങളിലേക്ക് തൊട്ടു. അവരുടെ കയ്യടി അവനെ അത്ഭുതപ്പെടുത്തി. അവന്റെ കഴിവുകളെ അംഗീകരിച്ചതിന്റെ സന്തോഷം തളംകണ്ണുകളിൽ നിറഞ്ഞു. പരിഹാസവും ശകാരവും നിറഞ്ഞ ലോകത്തുനിന്ന്, അഭിനന്ദനത്തിന്റെ വെളിച്ചത്തിലേക്ക് കടന്നുപോകുന്ന ഒരനുഭവമായിരുന്നു അത്. സീത ടീച്ചറുടെ സഹായത്തോടെ മറ്റ് അധ്യാപകരോടും സഹപാഠികളോടും തന്റെ കഴിവ് തുറന്നു പറയാൻ മണിക്കുട്ടന് കഴിഞ്ഞു. സ്കൂൾ നാടകത്തിൽ അഭിനയിക്കാനും, കവിത രചനാ മത്സരങ്ങളിൽ പങ്കെടുക്കാനും അവസരം ലഭിച്ചു. പ്രശംസയും അംഗീകാരവും അവന് കൂടുതൽ ആത്മവിശ്വാസം നൽകി.

പക്ഷേ, യാത്ര അത്ര എളുപ്പമായിരുന്നില്ല. ഇടയ്ക്ക് ചില കുട്ടികളുടെ പരിഹാസങ്ങൾ തുടർന്നു. എന്നാൽ മണിക്കുട്ടൻ ഇപ്പോൾ അവരെ ശ്രദ്ധിക്കാതെ തന്റെ വഴിയിൽ മുന്നോട്ട് പോയി. നേരിടുന്ന പ്രതിസന്ധികളെ മറികടക്കാനുള്ള കരുത്ത് അവനുണ്ടായിരുന്നു.

ഒരു ദിവസം, വലിയൊരു വിദ്യാർത്ഥി സംഘടന നടത്തുന്ന കവിതാരചനാ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. മണിക്കുട്ടൻ തന്റെ ജീവിതത്തെക്കുറിച്ചും സ്കൂളിലെ അനുഭവങ്ങളെക്കുറിച്ചും എഴുതിയ ഒരു കവിത അവതരിപ്പിച്ചു. ആ കവിത മത്സരത്തിൽ ഒന്നാം സ്ഥാനം നേടി.സ്കൂൾ അസംബ്ലിയിൽ മണിക്കുട്ടനെ ആദരിക്കാനും അദ്ദേഹത്തിന്റെ കവിത വായിക്കാനും ക്ഷണിച്ചു. അതേ സ്റ്റേജിൽ, ഒറ്റയ്ക്കിരുന്ന് കണ്ണീർ വീഴ്ത്തിയിരുന്ന അതേ സ്ഥലത്ത്, ഇപ്പോൾ അഭിമാനത്തോടെ നിൽക്കുമ്പോൾ, മണിക്കുട്ടന് വിജയത്തിന്റെ മധുരം

# സ്വപ്നം

നിലാവെങ്ങനെയെന്നറിയാതെ വെള്ളിയാൽ
പൂക്കുമ്പോളാ മഞ്ഞുരാത്രിയിൽ കുതിരും
കിളികൊഞ്ചലിൻ താളികൾ
തൂമഞ്ഞിൻ തുടിപ്പുകൾ പടിപടിയായി
പിരിച്ചെന്റെ കനവിൽ കനി തേടും മൃദുല ഭാവങ്ങൾ
മഞ്ജരിയിൽ മടിത്തട്ടിൽ കിടന്നെന്റെ
മൂകമാം മോഹങ്ങൾ കെടാതെ ആർക്കുന്നു
ദൃശ്യകിരണങ്ങൾ പലതാംവിധം
വിശാലമാമാകാശ ഗോളങ്ങൾ തൻ
പാളത്തിലെ പോലായാത്ര മാത്രമായല്ലെന്തെന്നാൽ
സത്യമാം ജീവന്റെ മോഹങ്ങളാലിടപിരിയാ
തുരു തീരെധാരയാൽ വഴികൾ
മുറിച്ചടരുമെൻ സ്വപ്നജാലങ്ങൾ
ചേരും ചെളിപടരാക്കഥ നാഥിയുടെ വിധിയായ്
വാർന്നു തളരാതെൻ കൊഴിയാത്ത സ്വപ്നങ്ങൾ
ജീവന്റെ കണ്ണാടി ചില്ലുകൾ പോലല്ല
ചോരുന്ന വെൺകല തുട്ടുമേയതുമല്ല
ചീന്തി ചിടഞ്ഞാൽ മുറിയുന്ന പോലുമല്ലെന്റെ ലോകങ്ങൾ
നിദ്രയിൽ വജ്രമാം താരത്തിളക്കത്തിൻ
തടയുവാനാകാത്ത സിരയെന്നപ്പോൽ ജ്വലിച്ചതിലായി
ലാഭമെകുന്നയാദിത്യനെന്ന പോലെ
വീണവിധാന നാദം തനി ജീവനിൽ
തുടരുന്നുവെന്നതിലാണു സ്വപ്നം
എങ്കിലും താങ്ങുവാൻ ശേഷിച്ച തളിരുകൾ മാറിട്ടടരുന്നു
വാ നിദ്രയായി യാചിച്ച ഹൃദയം
തീരില്ല തളരില്ല തനിയെ പടരില്ല ജീവനാൽ
കൊണ്ടുമാത്രമായി സ്വപ്നങ്ങൾ തുകുന്നൊന്നും

# മൃഗസ്നേഹി

കറുത്ത മിഴികളോടെ ആകാശത്തേക്ക് നോക്കി നിൽക്കുകയായിരുന്നു അച്ചുമ്മ. അവളുടെ ചെറിയ കയ്യിൽ ഒരു പൊട്ടിപറന്നുയരുന്ന പൂമ്പാറ്റയെ വിടാൻ മനസ്സുവന്നില്ല. അതിന്റെ ചിറകുകളിലെ വർണ്ണവിസ്മയം മഴവില്ല് പകരുന്ന പോലെ അവളെ മയക്കിയിരുന്നു.

അച്ചുമ്മ മുത്തശ്ശിയുടെ ചെറുമകളായിരുന്നു. പാടശേഖരത്തിനടുത്തുള്ള ചെറിയ വീട്ടിൽ മൃഗങ്ങളുടെ ലോകം മുഴുവൻ അവളെ കാത്തിരിക്കുന്നുണ്ടായിരുന്നു. വീട്ടുമുറ്റത്തെ പൂന്തോട്ടത്തിൽ ചിത്രശലഭങ്ങൾ സ്വതന്ത്രമായി പറന്നുനടന്നു. മുറ്റത്തെ ചേരിയിൽ മുത്തശ്ശിയുടെ വളർത്തുനായ ചക്കി കാവലിരുന്നു. അതിന്റെ തവിട്ട നായ്ക്കുട്ടികൾ കളിയാചാരങ്ങളിൽ മുഴുകി. പശുക്കളും ആടുകളും പറമ്പിന്റെ അതിർത്തിയിൽ മേഞ്ഞു.

പക്ഷികളുടെ കൂജനം അച്ചുമ്മയുടെ പ്രഭാതഗാനമായിരുന്നു. മുറിവേദന അനുഭവിക്കുന്ന നായയെ കണ്ടാൽ അവളുടെ കണ്ണുകൾ നിറഞ്ഞുപോകും. ഒറ്റയ്ക്കുരുങ്ങുന്ന പൂച്ചയെ അവൾ തന്റെ ചെറിയ കിടക്കയിലേക്ക് കൂട്ടിക്കൊണ്ടുപോകും. മുതിർന്നവർ അതിനെ തടയാൻ ശ്രമിച്ചപ്പോൾ അവളുടെ ചുണ്ടിൽ നിന്നും ഇറങ്ങിയ വാക്കുകൾ "മൃഗങ്ങൾക്കും ഒരു കൂട്ടുകാരൻവേണ്ടേ?"എന്നായിരുന്നു.

ഒരിക്കൽ റോഡരികിൽ കാർ മരിച്ച ഒരു പ്രാവിനെ കണ്ടപ്പോൾ അച്ചുമ്മ കരഞ്ഞു. മുത്തശ്ശി അവളെ സമാധാനിപ്പിച്ചു. ഒരു ചെറിയ മരം നട്ടുപിടിപ്പിച്ച് മരിച്ച പ്രാവിന് ശാന്തിപാർക്കാൻ പ്രാർത്ഥിച്ചു. ജീവജാലങ്ങളോടുള്ള അച്ചുമ്മയുടെ സ്നേഹം കണ്ടും കണ്ടും മുത്തശ്ശി സന്തോഷിച്ചു. അവൾ അച്ചുമ്മയെ ഒരു മൃഗഡോക്ടറാകാൻ പ്രോത്സാഹിപ്പിച്ചു.

വർഷങ്ങൾ കടന്നുപോയി. അച്ചുമ്മ വളർന്നു, പഠിച്ചു, ഒരു മൃഗഡോക്ടറായി. നാട്ടിലെ മൃഗങ്ങളുടെ രക്ഷകയായി അവൾ മാറി. പരിക്ക് പറ്റിയ പട്ടികളെ ചികിത്സിച്ചു, അലക്ഷ്യമായി ഉപേക്ഷിക്കപ്പെട്ട പൂച്ചകൾക്ക് വീട് കണ്ടെത്തി, പക്ഷികളുടെ ചിറകുകൾക്ക് പുതുജീവൻനൽകി.

ഒരു ദിവസം, നടക്കുന്നതിനിടയിൽ ഒരു കൂട്ടം കുട്ടികൾ ഒരു നായ്ക്കുട്ടിയെ ഉപദ്രവിക്കുന്നത് അച്ചുമ്മ കണ്ടു. അവൾ ഓടിചെന്ന് കുട്ടികളെ തടഞ്ഞു, നായ്ക്കുട്ടിയെ എടുത്തു. അത് ഭയത്തോടെ വിറച്ചു. അച്ചുമ്മ അതിനെ മൃഗശുശ്രൂഷസാലയിലേക്ക് കൊണ്ടുപോയി, ചികിത്സിച്ചു. അവൾ ആ നായ്ക്കുട്ടിയെ "തുലൻ" എന്ന് വിളിച്ചു. തന്റെ വീട്ടിൽ തന്നെ അവനെ വളർത്തി.

അങ്ങനെ, മൃഗസ്നേഹം തുടക്കം കുറിച്ച അച്ചുമ്മ, ജീവിതകാലം മുഴുവൻ മൃഗങ്ങളുടെ സംരക്ഷകയായി തുടർന്നു. മൃഗശുശ്രൂഷസാലയം വിപുലീകരിച്ചു, കൂടുതൽ മൃഗങ്ങളെ ചികിത്സിച്ചു, അവയ്ക്ക് വീടും സംരക്ഷണവും നൽകി. ദേശീയ മുഖ്യധാരയിലും അവളുടെ കഥ പ്രചരിച്ചു. മൃഗസ്നേഹികളായ ചെറുപ്പക്കാർ അവളെ മാതൃകയാക്കി. പ്രകൃതിയും പരിസ്ഥിതിയും സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിലും അവൾ മുൻപന്തിയിലുണ്ടായിരുന്നു. അങ്ങനെ, പൊട്ടിപറന്നുയരുന്ന പൂമ്പാറ്റയെ വിടാൻ മനസ്സുവരാത്ത ആ കുട്ടി മുഴുവൻ ലോകത്തിനുംമാതൃകയായിത്തീർന്നു.

മൃഗങ്ങളോടുള്ള സ്നേഹം നിങ്ങളുടെയും ഹൃദയത്തിൽ വിരിയിക്കട്ടെ. ഓരോ ജീവനും വിലപ്പെട്ടതാണെന്ന് ഓർക്കുക. അവയെ സ്നേഹിക്കുക, പരിപാലിക്കുക. ചെറിയ പ്രവൃത്തികൾ പോലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. കാരണം, സ്നേഹത്തിന്റെ ചിറകുകളിൽ്കൃതിപൂത്തുലയും!

# പരിസ്ഥിതി

## ലോല മേഖല

ഭൂമിയിൽ സസ്യങ്ങളും ജന്തുക്കളും സൂക്ഷ്മ ജീവികളുമായി ജീവന്റെ പലതരത്തിലുമുള്ള വൈവിധ്യങ്ങളുണ്ട് ഇതിനു ജൈവവൈവിധ്യം എന്ന് പറയും.ഏതാണ്ട് 88 ലക്ഷം മുതൽ മൂന്നരകോടിയോളം വരും.സസ്യങ്ങളും ജന്തുക്കളുമായി ഭൂമിയിൽ ഇന്ന് കാണുന്ന ജീവിതരങ്ങളുടെ എണ്ണം ഏകദേശം മൂന്നരകോടിയോളം വർഷങ്ങൾക്കുമുൻപ് ഒരു ഏകകോശജീവിയിൽ നിന്ന് തുടങ്ങിയതാണ് ഇന്ന് ഭൂമിയിൽ കാണപ്പെടുന്ന ഈ ജൈവവൈവിധ്യം ഭൂമിയിൽ എല്ലായിടത്തും ജൈവവൈവിധ്യം ഒരുപോലെ അല്ല കാണപ്പടുന്നത്.ഒരു പുതിയ ജൈവജാതി മറ്റുള്ളതിൽനിന്നും വത്യസ്തമായി ഉത്ഭവിക്കുന്നത് അതിൽ സംഭവിച്ച ജനിതക മാറ്റങ്ങളും അവ അധിവസിക്കുന്ന ചുറ്റുമുള്ള പ്രകൃതിയോട് അനുകൂലനമായി വർത്തിക്കുമ്പോഴുമാണ്.ജനിതകമാറ്റം അഥവാ മ്യൂട്ടേഷൻ എന്ന പ്രവർത്തിവഴിയാണ് സസ്യജന്തുതരങ്ങളിൽ പുതിയ സ്വഭാവങ്ങൾ ഉണ്ടാക്കുന്നത്.ഈ സ്വഭാവങ്ങളോട് അവ അധിവസിക്കുന്ന ചുറ്റുമുള്ള പ്രകൃതിയുടെ നിരവധിയായ ഘടകങ്ങൾ പ്രതികരിക്കുന്നുണ്ട്.ജീവികളിൽ ഉണ്ടായ പുതിയ സ്വഭാവങ്ങൾ പ്രകൃതിയിൽ തന്നെ നിലനിൽക്കണമോ അതോ നശിച്ചു പോകണമോ എന്ന് തീരുമാനിക്കുന്നത് ഈ പ്രതികരണമാണ്.ചില സ്വഭാവങ്ങൾനിലനിൽക്കുകയും ചിലത് പ്രകൃതിയുടെ പ്രതികൂല നിലപാട് മൂലം അന്യം നിന്ന് പോകുകയും ചെയുന്നു.ഇതിനെയാണ് പ്രസിദ്ധ പരിണാമശാസ്ത്രജ്ഞനായ ചാൾസ് ഡാർവിന്റെ നാച്ചുറൽ സെലെക്ഷൻ എന്ന് വിളിക്കുന്നത്.ജൈവപരിണാമത്തിന്റെ ഈ പ്രവർത്തനത്തിന് മറ്റൊരു വശം കൂടി ഉണ്ട്.ഓരോ ജീവിയും നിലനിൽക്കുന്നത് ആ ജീവിയിൽ കാണപ്പെടുന്ന വ്യതിയാനങ്ങളെ അനുകൂലിക്കുന്ന പ്രകൃതിയുടെ ഘടകങ്ങൾ നിരവധിയാണ്.ഇവയ്ക്കു എന്തെങ്കിലും നാശമോ മാറ്റങ്ങളോ സംഭവിച്ചാൽ അവയോട് ബന്ധപെട്ടു നിലനിൽക്കുന്ന ജീവികൾക്കും നാശം സംഭവിച്ചേക്കാം.എന്ന് വിചാരിച്ച പ്രകൃതിയുടെ ഈ ഘടകങ്ങൾ മാറില്ല എന്നല്ല,അവയ്ക്കും മാറ്റങ്ങളുണ്ടാവും,പക്ഷെ അത് വളരെ സാവധാനത്തിലാണെന്ന് മാത്രം.സ്വാഭാവികമായും പ്രകൃതീഘടകങ്ങൾക്ക് മാറ്റങ്ങൾ സംഭവിക്കുന്നത് ഏതാണ്ട് 35,000 വർഷങ്ങൾകൊണ്ടാണ് ഈ മാറ്റങ്ങൾക്കു ആനുപാതികമെന്നോണം ജീവികളിലും മാറ്റങ്ങൾ സംഭവിച്ചു പുതിയ ജീവികൾ പരിണമിക്കുന്നു.ഏകദേശം 32,000 വർഷങ്ങളാണ് ഒരു ജീവിയുടെ ഉത്ഭവത്തിന്റെ കാലഘട്ടം.മനുഷ്യന്റെ പല ഇടപെടലുകളും മൂലം പ്രകൃതിയിൽ

സംഭവിക്കുന്ന മാറ്റങ്ങൾ സ്വാഭാവികമായ തോതിൽനിന്നും വളരെയധികം ഇരട്ടി വേഗത്തിലാണ്.ധൃതഗതിയിലുള്ള മാറ്റങ്ങൾക്കു ആനനുപാതികമായി മാറുവാൻ ജീവികൾക്ക് സാധിക്കാത്തതിനാൽ അവ മിക്കതും അന്യം നിന്നുപോകുന്നു.ഇവിടെ ഒരു കാര്യം പ്രത്യേകം പറയേണ്ടതുണ്ട്.ജൈവപരിണാമം അവസാനിച്ചിട്ടില്ല.അത് ഇന്നും അനുസ്യൂതം തുടർന്നുപോകുന്നു.ലക്ഷക്കണക്കിന് വർഷങ്ങൾക്കുമുമ്പുണ്ടായിരുന്ന ജീവികളല്ല ഇന്നുള്ളത്.ഇനിയും ലക്ഷക്കണക്കിന് വർഷങ്ങൾ കഴിയുമ്പോൾ ഇന്നുള്ളതിൽനിന്നും വ്യത്യസ്തമായി വേറെ ജീവികൾ പരിണമിച്ചുണ്ടാകും.പരിസ്ഥിതി ലോല മേഖല

ഭൂമിയിൽ സസ്യങ്ങളും ജന്തുക്കളും സൂക്ഷ്മ ജീവികളുമായി ജീവന്റെ പലതരത്തിലുമുള്ള വൈവിധ്യങ്ങളുണ്ട് ഇതിനു ജൈവവൈവിധ്യം എന്ന് പറയും.ഏതാണ്ട് 88 ലക്ഷം മുതൽ മൂന്നരകോടിയോളം വരും.സസ്യങ്ങളും ജന്തുക്കളുമായി ഭൂമിയിൽ ഇന്ന് കാണുന്ന ജീവിതരങ്ങളുടെ എണ്ണം ഏകദേശം മൂന്നരകോടിയോളം വർഷങ്ങൾക്കുമുൻപ് ഒരു ഏകകോശജീവിയിൽ നിന്ന് തുടങ്ങിയതാണ് ഇന്ന് ഭൂമിയിൽ കാണപ്പെടുന്ന ഈ ജൈവവൈവിധ്യം ഭൂമിയിൽ എല്ലായിടത്തും ജൈവവൈവിധ്യം ഒരുപോലെ അല്ല കാണപ്പടുന്നത്.ഒരു പുതിയ ജൈവജാതി മറ്റുള്ളതിൽനിന്നും വത്യസ്തമായി ഉത്ഭവിക്കുന്നത് അതിൽ സംഭവിച്ച ജനിതക മാറ്റങ്ങളും അവ അധിവസിക്കുന്ന ചുറ്റുമുള്ള പ്രകൃതിയോട് അനുകൂലനമായി വർത്തിക്കുമ്പോഴുമാണ്.ജനിതകമാറ്റം അഥവാ മ്യൂട്ടേഷൻ എന്ന പ്രവർത്തിവഴിയാണ് സസ്യജന്തുതരങ്ങളിൽ പുതിയ സ്വഭാവങ്ങൾ ഉണ്ടാക്കുന്നത്.ഈ സ്വഭാവങ്ങളോട് അവ അധിവസിക്കുന്ന ചുറ്റുമുള്ള പ്രകൃതിയുടെ നിരവധിയായ ഘടകങ്ങൾ പ്രതികരിക്കുന്നുണ്ട്.ജീവികളിൽ ഉണ്ടായ പുതിയ സ്വഭാവങ്ങൾ പ്രകൃതിയിൽ തന്നെ നിലനിൽക്കണമോ അതോ നശിച്ചു പോകണമോ എന്ന് തീരുമാനിക്കുന്നത് ഈ പ്രതികരണമാണ്.ചില സ്വഭാവങ്ങൾ നിലനിൽക്കുകയും ചിലത് പ്രകൃതിയുടെ പ്രതികൂല നിലപാട് മൂലം അന്യം നിന്ന് പോകുകയും ചെയുന്നു.ഇതിനെയാണ് പ്രസിദ്ധ പരിണാമശാസ്ത്രജ്ഞനായ ചാൾസ് ഡാർവിന്റെ നാച്ചുറൽ സെലെക്ഷൻ എന്ന് വിളിക്കുന്നത്.ജൈവപരിണാമത്തിന്റെ ഈ പ്രവർത്തനത്തിന് മറ്റൊരു വശം കൂടി ഉണ്ട്.ഓരോ ജീവിയും നിലനിൽക്കുന്നത് ആ ജീവിയിൽ കാണപ്പെടുന്ന വ്യതിയാനങ്ങളെ അനുകൂലിക്കുന്ന പ്രകൃതിയുടെ ഘടകങ്ങൾ നിരവധിയാണ്.ഇവയ്ക്കു എന്തെങ്കിലും നാശമോ മാറ്റങ്ങളോ സംഭവിച്ചാൽ അവയോട് ബന്ധപെട്ടു നിലനിൽക്കുന്ന ജീവികൾക്കും നാശം സംഭവിച്ചേക്കാം.എന്ന് വിചാരിച്ച പ്രകൃതിയുടെ ഈ ഘടകങ്ങൾ മാറില്ല എന്നല്ല,അവയ്ക്കും മാറ്റങ്ങളുണ്ടാവും,പക്ഷെ അത് വളരെ സാവധാനത്തിലാണെന്ന് മാത്രം.സ്വാഭാവികമായും പ്രകൃതീഘടകങ്ങൾക്ക് മാറ്റങ്ങൾ സംഭവിക്കുന്നത് ഏതാണ്ട് 35,000 വർഷങ്ങൾകൊണ്ടാണ് ഈ മാറ്റങ്ങൾക്കു ആനനുപാതികമെന്നോണം ജീവികളിലും മാറ്റങ്ങൾ സംഭവിച്ച പുതിയ ജീവികൾ പരിണമിക്കുന്നു.ഏകദേശം 32,000 വർഷങ്ങളാണ് ഒരു ജീവിയുടെ ഉത്ഭവത്തിന്റെ കാലഘട്ടം.മനുഷ്യന്റെ പല ഇടപെടലുകളും മൂലം പ്രകൃതിയിൽ സംഭവിക്കുന്ന മാറ്റങ്ങൾ സ്വാഭാവികമായ തോതിൽനിന്നും വളരെയധികം ഇരട്ടി വേഗത്തിലാണ്.ധൃതഗതിയിലുള്ള മാറ്റങ്ങൾക്കു ആനനുപാതികമായി

# പരിസ്ഥിതി ലോല മേഖലയിലെ പ്രവർത്തനങ്ങൾ

മാറുവാൻ ജീവികൾക്ക് സാധിക്കാത്തതിനാൽ അവ മിക്കതും അന്യം നിന്നുപോകുന്നു.

ഇവിടെ ഒരു കാര്യം പ്രത്യേകം പറയേണ്ടതുണ്ട്.ജൈവപരിണാമം അവസാനിച്ചിട്ടില്ല.അത് ഇന്നും അനുസ്യൂതം തുടർന്നുപോകുന്നു.ലക്ഷക്കണക്കിന് വർഷങ്ങൾക്കുമുമ്പുണ്ടായിരുന്ന ജീവികളല്ല ഇന്നുള്ളത്.ഇനിയും ലക്ഷക്കണക്കിന് വർഷങ്ങൾ കഴിയുമ്പോൾ ഇന്നുള്ളതിൽനിന്നും വ്യത്യസ്തമായി വേറെ ജീവികൾ പരിണമിച്ചുണ്ടാകും. സംരക്ഷിതവനങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി ലോല പ്രദേശങ്ങൾ ഇന്ത്യയിൽ മാത്രമാണ് ഉള്ളത്.സുപ്രീംകോടതിയുടെ ഏറ്റവും പുതിയ നിർദേശം അനുസരിച്ച് ഇത് സംരക്ഷിത വനങ്ങളുടെ അതിർത്തിയിൽ നിന്നും ചുരുങ്ങിയത് ഒരു കിലോമീറ്റർ വ്യാസാർഥത്തിൽ വേണം.ഇത്തരം പരിസ്ഥിതി ലോല മേഖലകൾ ഓരോ സംരക്ഷിതവനത്തിനും പ്രത്യേകമായിട്ടുള്ളതാണ്.പരിസ്ഥിതി ലോല പ്രതേശങ്ങൾ സംരക്ഷിതാവനങ്ങൾക്കു വെളിയിലുള്ള മനുഷ്യവാസമേഖലകൾ കൂടിയായതുകൊണ്ട് വികസനപ്രവർത്തനങ്ങൾ പൂർണമായും നിരോധിക്കാൻ സാധ്യമല്ല.അതുകൊണ്ടുതന്നെ അതാതു പരിസ്ഥതിലോല മേഖലകളിൽ നടത്തുവാൻ വികസനപ്രവർത്തനങ്ങൾ ജൈവവൈവിധ്യസംരക്ഷണത്തിൽ കെന്ദ്രീകരിച്ചു മൂന്നായി തരം തിരിച്ചിട്ടുണ്ട്.

>>പൂർണമായും നിരോധിച്ചിട്ടുള്ള പ്രവർത്തനങ്ങൾ

പരിസ്ഥിതിക്ക് വളരെ അധികം ദോഷം ചെയ്യുന്നതും പരിസരമാലിന്യം വര്ധിപ്പിക്കുന്നതുമായ പ്രവർത്തനങ്ങൾക്കാണ് പരിസ്ഥിതിലോലമേഖലയിൽ പൂർണമായും നിരോധനം ഏർപ്പെടുത്തിയിട്ടുള്ളതും.

1. വ്യാവസായിക ആവിശ്യത്തിന് ഖനികളും കഹനാനാപ്രവർത്തനങ്ങളും:കരിങ്കൽ പാറമടകളും ധാതുഖനികളും ഈ ഗണത്തിൽ പെടുന്നു. ജൈവവ്യവസ്ഥയെ അപ്പാടെ മാറ്റിമറിക്കുന്ന പ്രവർത്തനങ്ങളാണിവ.
2. ഈർച്ചമില്ലുകളും തടിയറക്കുന്ന പ്രവർത്തനങ്ങളും.
3. കരഗലവായുശബ്ദ മാലിന്യങ്ങൾക്കു കാരണമായേക്കാവുന്ന വ്യവസായങ്ങൾ സ്ഥാപിക്കുന്നത്.മിക്കവാറും എല്ലാ തരത്തിലുമുള്ള ഫാക്ടറികളും ഈ ഗാനത്തിൽപ്പെടുന്ന്.

# വായനാശീലം

വായന എന്നാൽ അറിവിന്റെ അത്ഭുതമാണ്. കുരുന്നുകളിൽ ചെറുപ്പത്തിൽ തന്നെ ലഭിക്കുന്ന ശീലങ്ങളാണ് അവരുടെ ജീവിതത്തെ തന്നെ മാറ്റിമറിക്കുന്നത്. ചെറുപ്പത്തിൽ വായന വഴി ലഭിക്കുന്ന അറിവുകളാണ് ഓരോരുത്തരുടെയും സ്വഭാവത്തെ സ്വാധീനിക്കുന്ന ഘടകം. മനസ്സിന്റെ ശരിയായ വളർച്ചയ്ക്ക് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വായന. ഓരോ ഗ്രന്ഥം വായിക്കുമ്പോഴും അറിവിന്റെ പുതിയ ലോകം തെളിഞ്ഞുവരുന്നു.

കേരളത്തിലാണ് ഏറ്റവും അധികം വിദ്യാഭ്യാസം ലഭിക്കുന്നത്. എന്നാൽ പുതുതലമുറയിൽ വായനാശീലം ചെറുപ്പം മുതലെ നയിച്ചുവരുന്നവർ കുറവാണ്. ഓരോ പൗരന്റെയും ജീവിതത്തിൽ വായനയിലൂടെ പ്രകാശം ലഭിക്കാൻ സാധിക്കുന്നു. ഇന്നത്തെ തലമുറയിൽ പുസ്തക വായനക്ക് പകരം ഡിജിറ്റൽ ഉപകരണങ്ങളുടെ ലോകത്താണ് എല്ലാവരും. പണ്ടുള്ള ആളുകൾ പുസ്തകങ്ങളെ വഴികാട്ടികളായി കണ്ടിരുന്നത്. എന്നാൽ ഈ തലമുറയിൽ പുസ്തകങ്ങൾ വായിച്ച വളരുന്നവർ ചുരുക്കമാണ്

വായിച്ച പുസ്തകങ്ങളുടെ എണ്ണത്തിലല്ല അവയിൽ നിന്ന് ലഭിച്ച അറിവില്ലാണ് പ്രാധാന്യം കൂടുതൽ. വായനയുടെ മൂല്യം അറിയാൻ നമ്മുക്ക് കഴിയുന്നതുപോലെ നാം പരിശ്രമിക്കണം. പുസ്തകങ്ങൾ പലതരമുണ്ട് അവയിൽ നല്ലത് മാത്രം കണ്ടെത്തി വായിച്ച അറിവ് നേടണം. പുസ്തകങ്ങളെ തിരിച്ചറിയാനുള്ള ബോധമാണ് ആദ്യമുണ്ടാവേണ്ടത്. വായനശാലകൾ അറിവിന്റെ കുമ്പാരമാണ്. ഒരു പ്രദേശം നന്നാവാൻ ആ പ്രദേശത്തു ഒരു വായനശാല ഉണ്ടായാൽ മതി. മനസ്സിലമനസ്സോടെയാണെങ്കിലും ആ പ്രദേശത്തുള്ളവർ ഒരു ഗ്രന്ഥമെങ്കിലും അവിടെ നിന്നെടുത്ത വായിക്കും എന്നത് ഉറപ്പാണ്.നല്ല മനുഷ്യർക്കു മാത്രമേ വായനാശീലം

മനുഷ്യജീവിതങ്ങളിൽ എത്രമാത്രം മൂല്യമുള്ളവയാണെന്ന് അറിയുവാൻ സാധിക്കുകയുള്ളു. വായനാശീലമുള്ളവരെ പെട്ടന്നുതന്നെ മനസിലാക്കുവാൻ സാധിക്കും. ഇന്നത്തെ വിദ്യാർത്ഥികളിലും പുസ്തക വായനയുടെ കുറവ് കണ്ടുവരുന്നു. വിദ്യാർത്ഥികളുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ ആവശ്യമുള്ളതും വായനയാണ് . പുസ്തകവായനയിലൂടെ പഠനത്തിലെ മികവ് കൂട്ടാൻ ഓരോ വിദ്യാർത്ഥിക്കും സാധിക്കും.

വായനയെപ്പറ്റി കുഞ്ഞുണ്ണിമാഷ് പറഞ്ഞിരിക്കുന്നു "വായിച്ചാലും വളരും, വായിച്ചില്ലെങ്കിലും വളരും ,വായിച്ചാൽ വിളയും,വായിച്ചില്ലെങ്കിൽ വളയും". വായിച്ചാലും വായിച്ചില്ലെങ്കിലും ശാരീരികമായ വളർച്ചക്ക് തടസ്സം ഒന്നും ഉണ്ടാകുകയില്ല, എന്നാൽ വളർച്ച കൂടാത്ത ജീവിതം മാനസിക വളർച്ചക്ക് തടസം നിൽക്കുന്നു. മറ്റൊട്ടേറെ മഹാത്മാക്കളും വായനയുടെ മഹത്വത്തെപ്പറ്റി ഒട്ടേറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ജൂൺ 19 നാം വായന ദിനം ആചരിക്കുന്നു. 1996 മുതലാണ് പി എൻ പണിക്കരുടെ ചരമദിനം വായനാദിനമായി ആചരിച്ച് തുടങ്ങിയത്.ഗ്രന്ഥശാല എന്ന പുതിയ ആശയം ആദ്യമായി മുമ്പോട്ട് വെച്ച,ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ സ്ഥാപകനായ പി.എൻ. പണിക്കരുടെ ചരമദിനമാണ് വായനാദിനമായി ആചരിക്കുന്നത്. ഇദ്ദേഹത്തിന്റെ ഓർമ്മ പുതുക്കാൻ വേണ്ടിയാണ് ഈ ദിനം ഓരോ വർഷവും നാം ആചരിക്കുന്നത് . ഈ ദിനാചരണത്തിലൂടെ വായനയുടെ മൂല്യം ഓരോരുത്തരിലേക്കും എത്തിക്കുവാനും സാധിക്കും.വായിച്ച് വളരുക; ചിന്തിച്ച് വിവേകം നേടുക എന്ന മുദ്രാവാക്യം ഉയർത്തികൊണ്ട് സമൂഹത്തിൽ വായനയുടെ പ്രാധാന്യത്തെക്കുറിച്ച് ആഹ്വാനം ചെയ്ത വ്യക്തിയാണ് പി എൻ പണിക്കർ.

പുതുതലമുറ അറിവിന്റെ മാഹാത്മ്യം ഒട്ടും ബോധപൂർവമായ ചിന്തിക്കുന്നില്ല.വായനാശീലം മറന്ന് സ്മാർട്ട്ഫോണുകളിലേക്കും കമ്പ്യൂട്ടറിലേക്കും ഒതുങ്ങിയ പുതു

# ആർട്ടിഫിഷ്യൽ ഇന്റലിജിൻസ്

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ? ഒറ്റവാക്കിൽ പറഞ്ഞാൽ കൃത്രിമബുദ്ധി എന്ന് നമുക്ക് പറയാം. ബുദ്ധിയുള്ള യന്ത്രങ്ങളെ സൃഷ്ടിക്കാനും, അവയെ നിയന്ത്രിക്കാനും, അത് യാഥാർഥ്യമാക്കാൻ ലക്ഷ്യമിട്ട കമ്പ്യൂട്ടർ ശാസ്ത്ര ശാഖയാണിത്. അനുദിനം വളർന്നു വരുന്ന വലിയൊരു ശാസ്ത്ര ശൃംഖലയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, ഐ.ടി എന്നീ മേഖലകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന ശാസ്ത്ര സാങ്കേതികവിദ്യ അനുദിനം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്.

മനുഷ്യ ബുദ്ധി അനുകരിക്കുന്നത് കൊണ്ടാണ് കൃത്രിമ ബുദ്ധി അഥവാ നിർമിത ബുദ്ധി എന്ന പേര് നൽകിയിരിക്കുന്നത് .മനുഷ്യൻ കാര്യങ്ങൾ പഠിക്കുന്നത് അവന്റെ പൂർവ അനുഭവങ്ങളിൽ നിന്നുമാണ് .തീയിൽ തൊട്ടാൽ പൊള്ളുമെന്ന് അവൻ മനസിലാക്കിയത് അവന്റെ അനുഭവത്തിൽ നിന്നാണ് അതുപോലെ ആർട്ടിഫിഷ്യൽ ഇന്റെലിജൻസിലും ഇത്തരം അനുഭവങ്ങളും പഠനങ്ങളും ആവശ്യമാണ് .സൂപ്പർവൈസ്ഡ് ലേർണിംഗ്,അൺ സൂപ്പർവൈസ്ഡ് ലേർണിംഗ് ,റീ ഇൻഫോഴ്സ്മെന്റ് ലേർണിംഗ് എന്നിങ്ങനെ ആർട്ടിഫിഷ്യൽ ഇന്റെലിജൻസിന്റെ പഠന രീതികളെ സാമാന്യമായി തരാം തിരിക്കാം.

ഒരു മേല്നോട്ടത്തിന്റെ കീഴിൽ നൽകുന്ന വിവരങ്ങളുടെയും ഡാറ്റകളുടെയും അടിസ്ഥാനത്തിൽ പരിശീലിപ്പിക്കുന്ന രീതിയാണ് സൂപ്പർവൈസ്ഡ് ലേർണിംഗ് .ഒരു വസ്തുവിനെ തിരിച്ചറിയണമെന്നുണ്ടാക്കിൽ ആ വസ്തുവിനെ പറ്റിയുള്ള പരമാവധി വിവരങ്ങൾ നമ്മൾ എഐക്ക് നൽകണം .നൽകുന്ന ഡേറ്റകളുടെ അടിസ്ഥാനത്തിലാണ് അവ പ്രവർത്തിക്കുന്നത് .സൂപ്പർവൈസ്ഡ് ലേർണിംഗ് മെഷിനിൽ തന്നെയാണ് കാര്യങ്ങൾ പഠിക്കുന്നത് .പലപ്പോഴായി ലഭിക്കുന്ന ഡാറ്റാസ് ശേഖരിച്ചു വെച്ച മെഷിൻ തന്നെ ഇവിടെ ഒരു തീരുമാനം എടുക്കുന്നു .ആമസോൺ ,ഫ്ലിപ്കാർട് ,നെറ്റ്ഫ്ലിക്സ് ,തുടഗിയ പ്ലാറ്റ്ഫോമുകളിൽ ലോഗിൻ ചെയുമ്പോൾ നമ്മൾ കൊടുക്കുന്ന വിവരങ്ങളും സെർച്ച് ഹിസ്റ്ററിയും മനസ്സിലാക്കി നമ്മുക് റെക്കമെന്റേഷൻസ് നൽകുന്നത് ഇങ്ങനെ ആണ്.റീ ഇൻഫോഴ്സ്മെന്റ് ലേർണിംഗ് എന്നാൽ പിരാവുകളിൽ നിന്നും പാഠം ഉൾകൊള്ളുന്ന രീതിയാണ് .പരാജയങ്ങളിൽ നിന്നും പുതിയ കാര്യങ്ങൾ പഠിക്കുന്നത് പോലെ മെഷിൻ അതിന്റെ തെറ്റുകളിൽ നിന്നും കാര്യങ്ങൾ പഠിക്കുന്നു . ലോകമെമ്പാടും എഐ ഉപയോഗം വലിയ രീതിയിൽ കൂടിക്കൊണ്ടിരിക്കുകയാണ്. ഒരു കാലത്ത് ഭാരിച്ച സാങ്കേതിക വിദ്യയെന്ന് വിശ്വസിച്ചിരുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇപ്പോൾ മിക്കവാറും എല്ലാ മേഖലയിലേക്കും കടന്ന് വന്നിരിക്കുന്നു. മറ്റേതൊരു സാങ്കേതിക വിദ്യയും പോലെ, എഐയ്ക്കും നിരവധി നേട്ടങ്ങളും പരിമിതികളും ഉണ്ട്. ഈ സാഹചര്യത്തിൽ, എഐ എപ്പോഴെങ്കിലും ധാർമികമാകുമോ ഇല്ലയോ എന്നതാണ് മനുഷ്യരാശിയും

ശാസ്ത്രലോകവും ഉത്തരം കണ്ടെത്താൻ പാട് പെടുന്ന വിഷയം.

## ന്യൂറൽ നെറ്റ്‌വർക്ക്

മനുഷ്യ മതിഷ്കത്തിന്റെ പ്രവർത്തനത്തെ അനുകരിച്ച കൊണ്ടാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിലെ ന്യൂറൽ നെറ്റ്‌വർക്ക് എന്ന സംവിധാനം സജ്ജീകരിച്ചിരിക്കുന്നത് .കോടികണക്കിന് ന്യൂറോണുകളുടെ സഹായത്തോടെയാണ് തലച്ചോറിൽ സിഗ്നലുകൾ കൈമാറ്റം ചെയ്യപ്പെടുന്നത് .ഡെൻഡ്രൈറ്റിന്റെ അഗ്രങ്ങളിൽ ശേഖരിക്കുന്ന സിഗ്നലുകളെ ഡെൻഡ്രോൺ വഴി കോശശരീരത്തിലേക് കടത്തി വിട്ട് ആക്സോണുകളിലൂടെ ആക്സോൻനൈറ്റിലെത്തിക്കുന്ന .ഒരു ന്യൂറോണിന്റെ ആക്സോനൈറ്റുകളും മറ്റൊരു ന്യൂറോണിന്റെ ടെൻഡ്രേറ്റുകളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു അവ സിഗ്നലുകളുടെ മാറ്റത്തിന് സഹായിക്കുന്നു മനുഷ്യ ശരീരത്തിലെ ന്യൂറൽ നെറ്റ്‌വർക്ക് ഇങ്ങനെയാണ് പ്രവർത്തിക്കുന്നത്.ആർട്ടിഫിഷ്യൽ ഇന്റെലിജൻസിൽ ന്യൂറൽ നെറ്റ്‌വർക്കുകൾ പ്രധാനമായും മൂന്ന് ലയറുകൾ കാണപ്പെടുന്നു .ഇൻപുട്ട് ലയർ, ഔട്പുട്ട് ലയർ, ഹിഡൻ ലയർ . ഇൻപുട്ട് ലയറിലെ വിവരങ്ങൾ ഹിഡൻ ലയറിലേക്കും അവിടെ നിന്ന് ഔട്ട്പുട്ട് ലയറിലേക്കും കൈമാറ്റം ചെയ്യപ്പെടുന്നു . മാറുന്ന ഇൻപുട്ടുകൾക്കനുസരിച്ച ഔട്പുട്ടുകൾക്കനുസരിച്ച ഔട്പുട്ടിൽ മാറ്റം വരുന്നതുകൊണ്ട് ഔട്പുട്ട് പുനർ രൂപകല്പനചെയ്യാതെ മികച്ച ഫലം സൃഷ്ടിക്കാൻ കഴിയുന്നു. സർകസ്സില്ലേ റിംഗ്മാസ്റ്റർ പോലെ മനുഷ്യൻ ഇവിടെ പ്രവൃത്തികേണ്ടിയിരിക്കുന്നു. കൃത്യമായി പരിശീലനം നൽകിയെങ്കിൽ മാത്രമേ അവ ശരിയായ രീതിയിൽ പ്രവർത്തിക്കുകയുള്ളൂ. അതിനു ഡാറ്റകൾ ആവശ്യമാണ്. എന്നാൽ ഡാറ്റകളുടെ അഭാവമാണ് ആർട്ടിഫിക്കൽ ഇന്റലിജൻസ് മേഖലയില്ലേ ഒരു പ്രതിസന്ധി. ഈ പ്രതിസന്ധി മറികടക്കാനുള്ള ഗവേഷണത്തിലാണ് ഗവേഷകർ.

വരും കാലഘട്ടത്തെ നിയന്ത്രിക്കുന്ന ഇന്ധനകൾ ഡാറ്റകൾ ആകുമെന്നാണ് കമ്പ്യൂട്ടർ വിദഗ്ദർ പോലും അഭിപ്രായപ്പെടുന്നത് . അതായത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ലോകമാകും ഇനി വരുന

## Chat G.P.T

2022 നവംബറിൽ എ ഐ പുറത്തിറക്കിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചാറ്റ് ബോട്ട് ആണ് ചാറ്റ് ജി പി ടി . നമ്മൾ ചോദിക്കുന്ന ഓരോ ചോദ്യത്തിനും ഉത്തരം നൽകുകയാണ് ചാറ്റ് ജി പി ടി ചെയുന്നത് . അറിയേണ്ട കാര്യങ്ങൾ ടെക്സ്റ്റ് ചെയ്തുകൊടുത്താൽ മതി. നിമിഷങ്ങൾ കൊണ്ട് മറുപടി തരാൻ ചാറ്റ് ജി പി ടി ക്ക് സാധിക്കും. ചാറ്റ് ജിനേററ്റീവ് പ്രീ ട്രെയിൻഡ്

ട്രാൻസ്ഫോർമർ എന്നാണ് ഇതിന്റെ പൂർണ്ണ രൂപം. നേരത്തെ ശേഖരിച്ചു വെച്ചിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിലാണ് ചാറ്റ് ജി പി ടി പ്രവർത്തിക്കുന്നത് .ഗൂഗിളും ചാറ്റ് ജി പി ടി യും തമ്മിൽ വ്യത്യാസങ്ങൾ ഉണ്ട് . ഗൂഗിളിൽ നമ്മൾ സെർച്ച് ചെയ്താൽ നമ്മുക് ലഭിക്കുന്നത് സൈറ്റുകളുടെ വിവരങ്ങളാണ്. എന്നാൽ ചാറ്റ് ജി പി ടി ഒരു ചോദ്യത്തിന് ഒരു ഉത്തരമേ നൽകുകയുള്ളൂ . ഏറ്റവും അനുയോജ്യമായ ഉത്തരമായിരിക്കും അത് . സമകാലികമായ വിഷയങ്ങളോട് കൃത്യമായി പ്രതികരിക്കാൻ അതിനു സാധിക്കുകയില്ല എന്നത് ഒരു പരിമിതിയാണ്. എന്നിരുന്നാലും ചുരുങ്ങിയ കാലം കൊണ്ട് ജാനകീയ പ്ലാറ്റഫോമായി ചാറ്റ് ജി പി ടി ക്ക് മാറാൻ സാധിച്ചു കഴിഞ്ഞു .




# സോഫിയ

ഹോങ്കോങ് ആസ്ഥാനമായുള്ള ഹാൻഡ്സൺ റോബോട്ടിക് എന്ന കമ്പനി വികസിപ്പിച്ചെടുത്ത ഹ്യൂമനോയ്ഡ് റോബോട്ട് ആണ് സോഫിയ. സാമൂഹിക സ്വഭാവം അനുകരിക്കാനും മനുഷ്യരിൽ സ്നേഹ വികാരങ്ങൾ ഉണർത്താനും കഴിയുന്ന സോഷ്യൽ റോബോട്ട് എന്ന നിലക്കാണ് സോഫിയ പ്രശസ്തയായിരിക്കുന്നത് . 2017 ഒക്ടോബറിൽ സോഫിയയ്ക്ക് സൗദി അറേബ്യൻ പൗരത്വം ലഭിച്ചതിലോടെ ഏതെങ്കിലും രാജ്യത്ത് നിയമപരമായി വ്യക്തിത്വം ലഭിക്കുന്ന ആദ്യത്തെ റോബോർട്ടായി മാറി .സോഫിയ ഇതിനോടകം വലിയ ജനശ്രദ്ധാ നേടി കഴിഞ്ഞു



# മാനവ്


ഇന്ത്യയിൽ വകസിപ്പിച്ച ആദ്യത്തെ ഹ്യൂമനോയ്ഡ് റോബോർട്ട് ആണ് മാനവ് .2014 ഡിസംബറിൽ എ സെറ്റ് ട്രെയിനിങ് ആൻഡ് റിസർച്ച് ഇന്സ്ടിട്യൂട്ടിൽ ദിവാകർ വൈഷ് വികസിപ്പിച്ച മാനവ് റോബോർഡ് 2015 ബോംബെ ടെക് ഫെസ്റ്റിലാണ് ആദ്യമായി അവതരിപ്പിക്കപ്പെടുന്നത് .രണ്ടടി ഉയരവും രണ്ട് കിലോഗ്രാം ഭാരവുമുള്ള മാനവ് ഇന്ത്യയില്ല ആദ്യത്തെ 34 പ്രിന്റഡ് ഹ്യൂമനോയിഡ് റോബോർട്ടാണ്.21 സെൻസറുകളും കണ്ണിൽ രണ്ട ക്യാമെറകളും തലയുടെ ഇരുവശത്തും രണ്ടു മൈക്കുകളും ഘടിപ്പിച്ചാണ് മാനവ്



പ്രവർത്തിക്കുന്നത് .ഇൻ ബിൽറ്റ് പ്രോസറും പ്രീ പ്രോഗ്രാംട് സെൻസറുകളും മാനവിനെ മറ്റുറോബോട്ടുകളിൽ നിന്നും വ്യത്യസ്തമാക്കുന്നു.ഇതിന്റെ തലയിലും കഴുത്തിലും ചലന സ്വാതന്ത്ര്യം ഉണ്ട് .ഏത് തല വശത്തേക്കും മുകളിലേക്കും താഴേക്കും ചലിപ്പിക്കാൻ അനുവദിക്കുന്നു .അതുകൊണ്ട് നടത്തം ,സംസാരിക്കാൻ ,നൃത്തം എന്നിവ ചെയ്യാൻ അനായാസം സാധിക്കും .വൈഷിന്റെ അഭിപ്രായത്തിൽ ഒരു കുട്ടിയെപ്പോലെ പഠിക്കാനും പ്രീതികരിക്കാനുമുള്ള കഴിവ് ഇതിനുണ്ട് .കണക്ടിവിറ്റി ,ഒരു ഫുൾ ചാർജിൽ ഒരു മണിക്കൂർ പ്രവർത്തിക്കുന്ന ലിഥിയം പോളിമർ ബാറ്ററി എന്നിവ ഇതിന്റെ സവിശേഷതയാണ് .

## ന്യൂറ ലിങ്ക് ബ്രെയിൻ ചിപ്പ്

ഇപ്പോൾ നമ്മൾ ഒരു കമ്പ്യൂട്ടർ സിസ്റ്റവുമായി അല്ലെങ്കിൽ സ്മാർട്ട് ഫോണുകളുമായി സംവദിക്കുന്നത് ടൈപ്പിങ്ങിലൂടെയോ വോയിസ് കമാൻഡിലൂടെയോ ആണ് .എന്നാൽ യാതൊരുവിധ ഭൗതിക ഇടപെടലും ഇല്ലാതെ നമ്മൾ ചിന്തിക്കുന്നത്പോലെ സിസ്റ്റം പ്രവർത്തിച്ചാലോ ? അതായത് മനസ്സിൽ ചിന്തിക്കുന്ന കാര്യങ്ങൾ കമ്പ്യൂട്ടർ നമ്മുക് മുമ്പിൽ അവതരിപ്പിക്കുന്നതുപോലെ ദൂരെയുള്ള ഒരു സുഹൃത്തിന് മെസ്സേജ് അയക്കാൻ ടൈപ്പ് ചെയ്യുക ചാറ്റ് ബോട്ടുകളുടെ സഹായം തേടുകയോ ചെയ്യാതെ മനസ്സിൽ വെറുതെ ഒന്ന് ചിന്തിച്ചാൽ മാത്രം മതി എന്ന് വന്നാലോ ?കേൾക്കുമ്പോൾ വിചിത്രമായി തിന്നുമെങ്കിലും അത്തരം ഒരു അന്വേഷണത്തിന്റെ പകുതി ദൂരം ഇതിനോടകം ടെക് ലോകം പിന്നിട്ടു കഴിഞ്ഞു.ഇലോൺ മസ്കിന്റെ നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് മേഖലയിൽ ഗവേഷണങ്ങൾ നടത്തുന്ന ന്യൂറലിങ്ക് എന്ന കമ്പനിയാണ് ഈ ഗവേഷണത്തിൽ മുൻപന്തിയിൽ .മനുഷ്യമതിഷ്കത്തിലെ ചില സെല്ലുകൾ മാറ്റി അവിടേക്കു ഒരു ചിപ്പ് കയറ്റുന്നത് വഴി തലച്ചോറിലെ



സിഗ്നലുകൾ ഡി കോഡ് ചെയ്‌തു ഡിജിറ്റൽ സിഗ്നലുകൾ ആക്കി മാറ്റി കംപ്യൂട്ടറുമായി ബന്ധിപ്പിക്കാൻ ആവുമെന്നാണ് കരുതുന്നത്.അങ്ങനെ സംഭവിച്ചാൽ ആശയം മനസ്സിൽ ഉണ്ടായിട്ടും അത് പ്രകടിപ്പിക്കാൻ ആവാതെ പോകുന്ന അവസ്ഥയെ ഇതിലൂടെ മറികടക്കാനാകും.ചലനശേഷി നഷ്ട്ടപെട്ടവർക്കും ,അൽഷിമേഴ്‌സ് ,പാർക്കിംഗ്‌സൺസ് തുടങ്ങിയ രോഗം ബാധിച്ച ആളുകളിലെ ഓർമ്മകൾ ശേഖരിക്കാനും ബ്രെയിൻ ചിപ്പ് സംവിധാനത്തിലൂടെ സാധിക്കുമെന്ന് അലോൺ അഭിപ്രായപ്പടുന്നു .മൃഗങ്ങളിൽ പരീക്ഷിച്ചു വിജയിച്ച ബ്രെയിൻ ചിപ്പുകൾ ഇനി മനുഷ്യനിൽ പരിഷിക്കാൻ രാജ്യങ്ങൾ അനുമതി നൽകിക്കഴിഞ്ഞു .2030 ഓടെ ഈ സംവിധാനം വിജയകരമായി മനുഷ്യനിൽ പ്രവർത്തിച്ചു തുടങ്ങുമെന്നാണ് ന്യൂര്ലിങ്ക് സ്ഥാപകൻ ലോൺ മസ്ക് പറയുന്നത് .

# അനാഥൻ

മഴ കോരിയിട്ടൊഴിയുന്ന വൈകുന്നേരമായിരുന്നു. കുപ്പയിൽ കിടന്നുറങ്ങുന്ന കണ്ണികളെ തണുപ്പിച്ചുകൊണ്ട് നിറഞ്ഞ ചന്ദ്രൻ ആകാശത്ത് തൂങ്ങി നിന്നു. കല്ലുപണിശാലയുടെ മുൻവശത്തെ ചായ്പിൽ ചുരുണ്ടുകൂടിയിരുന്ന കുഞ്ഞു, വിറയോടെ ഇരുട്ടിലേക്ക് നോക്കിയിരുന്നു.

മുത്തച്ഛൻ കുറച്ചു ദിവസങ്ങൾക്കു മുൻപേയാണ് പോയത്. തണുത്ത കല്ലുകളില്ലാതെ മുത്തച്ഛന്റെ കൈ വിറയ്ക്കുന്നതും, രോഗം വലതു കണ്ണിന്റെ വെളിച്ചം കവർന്നെടുത്തതും ഇപ്പോഴും കുഞ്ഞുവിന്റെ ഓർമയിൽ വേദനയുണർത്തുന്നു. മുത്തച്ഛനായിരുന്നു കൂട്ടുകാരൻ, വഴികാട്ടി, രക്ഷകൻ. ഇപ്പോൾ, ലോകം വിശാലവും തനിക്ക് അപരിചിതവുമായി തോന്നി.

പട്ടിണിയുടെ വയറു വേദനയെ മറയ്ക്കാൻ കുഞ്ഞു കൈകൾ മുഖത്തേക്ക് അമർത്തി. പെട്ടെന്ന്, ചായ്പിന്റെ അരികിലൂടെ ഒരു പൂച്ച മിന്നിമറഞ്ഞു. അതിന്റെ പിന്നാലെ പോകാൻ തോന്നി, ഒരുപക്ഷേ പൂച്ച എവിടെയെങ്കിലും ഭക്ഷണം കണ്ടെത്തുമോ? എഴുന്നേറ്റ് നടക്കാൻ തുടങ്ങുമ്പോൾ, പട്ടിണി കാലുകളെ വലിച്ചു പിടിച്ചു.

ആ സമയത്താണ്, ക്ഷേത്രത്തിൽ നിന്നും ഇശലുകൾ കേട്ടത്. ആകർഷിക്കപ്പെട്ട് അങ്ങോട്ട് നടന്നു. ദൂരെ നിന്നും കൂട്ടംകൂടിയ ആളുകളെയും വെളിച്ചത്തെയും കണ്ടു. ഒരു വിവാഹസദ്യ നടക്കുകയാണെന്ന് മനസ്സിലായി.

ഒരോ വിരുന്നുകാരനെയും നോക്കി ഒരു ചെറിയ പ്രതീക്ഷയോടെ നിന്നു. പെട്ടെന്ന്, ഒരു കുട്ടി പുറത്തേക്ക് ഓടിവന്നു. കൈയിൽ അപ്പം. ബലൂൺ കെട്ടിപ്പിടിച്ച് ചിരിച്ചുകൊണ്ട് അവൻ കുഞ്ഞുവിനെ നോക്കി. ആ മുഖത്ത് വാത്സല്യത്തിന്റെ നിഴൽ കണ്ടു. അവൻ അപ്പം നീട്ടി. നിമിഷങ്ങൾ നീണ്ട മൗനത്തിന് ശേഷം കുഞ്ഞു അത് വാങ്ങി. അപ്പത്തിന്റെ മധുരം നാവിൽ പടർന്നപ്പോൾ, മനസ്സിൽ ഒരു ചെറിയ ചൂട് പടർന്നു.

വിടപറഞ്ഞ മുത്തച്ഛന്റെ ഓർമകളുമായി ക്ഷേത്രത്തിന്റെ പടികളിൽ ഇരുന്നു. ആകാശം നിറഞ്ഞ ചന്ദ്രനെ നോക്കി കുഞ്ഞു ചിരിച്ചു. ഒറ്റയ്ക്കല്ല, നന്മ നിറഞ്ഞ ലോകത്തിന്റെ ഭാഗമാണ് താനെന്ന് മനസ്സിലായി. ഒരുപക്ഷേ, ഈ ചിരിയിൽ നിന്നും പുതിയൊരു ജീവിതം പിറക്കുമെന്ന് അവൻ അറിഞ്ഞില്ല.

# മഴതുള്ളികൾ

ആകാശത്തെ കണ്ണിണകൾ പെയ്യിറങ്ങുന്നു,
ഭൂമിയെ തഴുകി, സ്നേഹം പങ്കുവയ്ക്കുന്നു.
മരങ്ങളുടെ ഇലകൾ പാട്ടു പാടുന്നു,
മഴത്തുള്ളികൾ താളം ചവിട്ടുന്നു.

ചെമ്മണ്ണിന്റെ ഗന്ധം മണ്ണിൽ പടർന്നു,
പുഴുക്കൾ പുറത്തു വന്ന് നൃത്തം ചെയ്യുന്നു.
പൂക്കൾ തലയുയർത്തി മഴയെ നോക്കുന്നു,
മൊട്ടുകൾ വിരിഞ്ഞു, ലോകം ചിരിക്കുന്നു.

വീടുകളുടെ മേൽമേൽ മഴ ചാറുന്നു,
ചോർത്തുകളിലൂടെ തുള്ളികൾ
പാഞ്ഞുപോകുന്നു.
കുട്ടികൾ ചാടിക്കുതിച്ച് മഴയിൽ നനയുന്നു,
കടലാസു തോണികൾ നദിയിലൂടെ ഒഴുകുന്നു.

മഴ പെയ്തൊഴിയുമ്പോൾ, ഒരു ശാന്തത
പരക്കുന്നു,
ലോകം മുഴുവൻ സ്നേഹത്തിൽ മുങ്ങുന്നു.
പക്ഷികൾ കൂട്ടുപണിഞ്ഞു പാട്ടു പാടുന്നു,
മഴയുടെ ഗാനം എല്ലായിടത്തും മുഴങ്ങുന്നു.

അപ്പോൾ ഞാൻ ചിന്തിക്കുന്നു, ഈ മഴയിൽ
എന്താണുള്ളത്?
ഒരു മന്ത്രം പോലെ ഹൃദയം നിറയ്ക്കുന്നത്?
ശാന്തത, സ്നേഹം, പുതുപുതു ജീവിതം,
മഴ നൽകുന്നു, സ്വപ്നങ്ങളുടെ നനവ്.

# പ്രേമലു

**യാത്രവിവരണം**

ഒരു കൊടൈക്കനാൽ ടൂർ, കടുത്തുരുത്തി skps ലെ പതിനൊന്നാം ക്ലാസിലെ കുട്ടികളുമായി ഞങ്ങൾ അവിടെ ചെന്നിറങ്ങി.അജിഷ് അച്ചനും, മാത്യു സാറും മറ്റ് ടിച്ചേഴ്സും രണ്ട് വണ്ടികളിലായി കൂടെയുണ്ട്. ലേക്കിലെത്തിയപ്പോൾ തിരിച്ചെത്താനുള്ള ഒരു സമയവും പറഞ്ഞ് കുട്ടികളെ free ആയിട്ട് വിട്ടു. കുറച്ചു പേർ ഷോപ്പിംഗിനും, ചിലർ ബോട്ടിംഗിനും, ബോയ്സ് പകുതിയോളം പേർ സൈക്കിളുമെടുത്ത് കറങ്ങാനിറങ്ങി. അജീഷ് അച്ചൻ കുട്ടികളെ നോക്കിയിട്ട് വരാമെന്ന് പറഞ്ഞ് സ്ഥലം കാലിയാക്കി.ഞാനും, മാത്യു സാറും ടൊയ് ലെറ്റിൽ ഒന്ന് പോയി തിരിച്ചെത്തി. ആരെയും കാണാനില്ല. സൈക്കിളിൽ ഒന്ന് കറങ്ങാമെന്ന് കരുതി മാത്യു സാർ ലേക്കിൻ്റെ ഇടതു വശത്തേക്ക് പോയി, ഞാൻ വലതു വശത്തേക്കും.



സൈക്കിളിൽ കുറച്ചു ദൂരം ചെന്നപ്പോൾ റോഡിൻ്റെ ഇടതു വശത്തായി ഒരാൾ കൂട്ടം, ഒച്ചയും, ബഹളവുമൊക്കെയുണ്ട്. പതിനൊന്നിലെ ഒരു പറ്റം ആൺകുട്ടികൾ അവിടെയുണ്ട് ഒപ്പം ഗുണ്ടകളെ പോലെ തോന്നുന്ന കുറച്ചു തമിഴൻമാരും. എന്തോ വശപ്പിശകാണെന്ന് മനസിലായപ്പോൾ ഞാൻ സൈക്കിൾ ഒതുക്കി വെച്ചു. അല്പം പരിഭ്രമത്തോടെ അവരുടെ ഇടയിലേക്ക് ചെന്നു. പൊട്ടിത്തെറിക്കുന്ന പോലത്തെ അന്തരീക്ഷം. കാര്യം തിരക്കിയപ്പോഴാണ് മനസിലായത്, ഒരു പയ്യൻ ഓടിച്ചിരുന്ന സൈക്കിൾ, പോക്കറ്റ് റോഡിലൂടെ വരികയായിരുന്ന ഒരു മാരുതി വാനെ ഇടിച്ചു.അത് ഓടിച്ചു കൊണ്ടിരുന്നയാൾ ഇറങ്ങി പയ്യൻ്റെ കവിള് തീർത്ത് ഒരെണ്ണം പൊട്ടിച്ചു. അവൻ മാരെ

തിരികെ തല്ലണമെന്ന് പറഞ്ഞ് നിൽക്കുകയാണ് കുട്ടികള്.ആ ബാച്ചിലെ ഏറ്റവും സാധുവായ അവന്‍റെ അടുത്തേക് ഞാൻ ചെന്നു. കണ്ണിൽ നിന്ന് കണ്ണീര് ഇറ്റിറ്റ് വീഴുന്നു. കവിളിൽ ചുവന്ന് തുടുത്ത മൂന്ന് പാടുകൾ.അവനെ ആശ്വസിപ്പിച്ചു കൊണ്ട് കാര്യം ചോദിച്ചു. അവർ ഇങ്ങോട്ട് വന്ന് ഇടിക്കുകയായിരുന്നുവെന്ന് അവൻ വിക്കി വിക്കി



പറഞ്ഞു. ഞാൻ കുട്ടികളെ തള്ളിമാറ്റി അവരോട് അറിയാവുന്ന ഭാഷയിലൊക്കെ സംസാരിച്ചു. ആ പയ്യന്‍റെ സൈക്കിളിൽ ചെന്ന് ഇടിച്ചതും പോരാ, അവനെ അടിച്ചതും പോരാഞ്ഞിട്ട്, ഇപ്പോൾ അവൻ അവരോട് മാപ്പ് പറയണമെന്നായി അവർ ..തമിഴൻമാരുടെ എണ്ണം കൂടി വരുന്നുണ്ട്. കാര്യം കൈവിട്ട് പോകുമെന്നായപ്പോൾ ഞാൻ പതിനൊന്നിലെ രണ്ടു മൂന്നു കുട്ടികളെ മാറ്റിനിർത്തി, അന്യനാട്ടിൽ ചെന്ന് ഒരു പ്രശ്നമുണ്ടാക്കിയാൽ ഒറ്റപ്പെട്ടു പോകുമെന്ന് അവരോട് പറഞ്ഞു. ചോരത്തിളപ്പിന്‍റെ പ്രായത്തോട് പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ ബുദ്ധിമുട്ടി.

ഒടുവിൽ അജീഷ് അച്ചനും മറ്റും അവിടെ എത്തി. എങ്ങനെയൊക്കെയോ അടിപൊട്ടാതെ പ്രശ്നം പറഞ്ഞു തീർത്തു.ആ ബാച്ചിലെ ഏറ്റവും സാധുവായ ആ പയ്യന്‍റ കരഞ്ഞു കലങ്ങിയ കണ്ണുകളും, കവിളിലെ ചുവന്ന പാടുകളും കുറച്ചു കാലത്തേക് ഒരു വേദനയായിരുന്നു.

ഇന്ന് പ്രേമലു കണ്ടു. സ്ക്രീനിന്‍റെ വലതു വശത്ത് താഴെയായി screen Play – Kiran Josey എന്നെഴുതി കണ്ടപ്പോൾ ആ കരഞ്ഞു കലങ്ങിയ കണ്ണുകളും ചുവന്നു തുടുത്ത കവിളുകളും മനസിലേക്ക് കടന്നു വന്നു.ഓരോ ക്ലാസുകളിലും പരമസാധുവായി കടന്നു പോയിരുന്ന നിനക്ക്, തുടക്കം മുതൽ ഒടുക്കം വരെ ചിരിയുടെ പൊടി പൂരം തീർക്കുന്ന ഒരു തിരക്കഥ എഴുതാനാവുമെന്ന് ആരു കണ്ടു. അഭിനന്ദനങ്ങൾ കിരൺ ജോസി

# ജലം

ഭൂമിയിലെ എല്ലാ ജീവജാലങ്ങളെയും നിലനിർത്തുന്ന എല്ലാ കാലാവസ്ഥ ,ഭൂമിശാസ്ത്രം ,രാസ ,ജൈവ ,സ്പേസ് പ്രക്രിയകളിലും പക്കെടുക്കുന്ന പ്രാരംഭ പദാർത്ഥം ആണ് ജലം .സംസ്കാരങ്ങളുടെ വികാസത്തിലും ജലത്തിന് അടിസ്ഥാനപരമായ ഭൂമിയുടെ ഉപരിതലത്തിലിന്റെ 70 ശതമാനവും ജലത്താൽ മൂടപ്പെട്ടിരിക്കുന്നു .ഭൂമിയിലെ ജലത്തിന്റെ ഉത്ഭവം ഇന്നും ശാസ്ത്രസമൂഹത്തിൽ പഠനത്തിനും സംവാദനത്തിനും വിഷയമായി തുടരുന്നു .മഹാവിസ്ഫോടന സിദ്ധാന്തം അനുസരിച്ച പ്രപഞ്ചത്തിന്റെ ജനനത്തിനു ശേഷമുള്ള നിമിഷങ്ങളിൽ ആദ്യമ കണങ്ങൾ ചേർന്നു ഗണ്യമായ അളവിൽ ഹൈഡ്രജൻ രൂപ പെട്ടു.നമ്മുക് ഏവർക്കും അറിയാവുന്ന ജലത്തിന്റെ സൂത്രവാക്യമായ H2O അനുസരിച്ച വെള്ളം ഹൈഡ്രജനും ഓസ്യജനും ചേർത്താണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത് .ഓസ് യ്ഗൻ മഹാവിസ്പോടന സമയത് സൃഷ്ടിക്കപെട്ടതല്ല എന്ന് കരുതപ്പെട്ടിരിക്കുന്നു.നക്ഷത്രങ്ങളുടെ ഇടതൂർന്നതും ചൂടുള്ളതുമായ കാമ്പുകൾക്കുള്ളിൽ ഹൈഡ്രജനും ഹീലിയവും പോലെയുള്ള ചെറിയ മൂലകങ്ങൾ ഓസ്യ്ഗൻ ഉൾപ്പെടയുള്ള ഭാരമുള്ള മൂലകകളുമായി സംയോജിക്കപ്പെടുന്നു .ഒരു സൂപ്പർ നോവയിൽ ഭീമൻ നക്ഷത്രം പൊട്ടിത്തെറി ഉണ്ടാകുമ്പോൾ ഭീമാകാരമായ സ്ഫോടനം മൂലം ഈ സംയോജിത മൂലകങ്ങൾ ബഹിരാകാശത്തേക് പുറന്തള്ളപെടുന്നു.നക്ഷത്രാന്തര മേഘങ്ങളിൽ ഹൈഡ്രജനും ഓസ്യജനും കൂടി ചേരുമ്പോൾ അവ ലയിച്ച ജലതന്മാത്രകൾ രൂപപ്പെടുന്നു .അങ്ങനെയാണ് ജലം ഇവിടെ ഉത്ഭവിച്ചത് എന്നു കരുതപ്പെടുന്നത്.ഭൂമിയിൽ കാണപ്പെടുന്ന ഏറ്റവും അസാധാരണമായ ദ്രാവകമാണ് ജലം .നരവംശ ശാസ്ത്രജ്ഞനും ഗ്രന്ഥകാരനുമായ ലോറൻ ഐസ്ലി 'IMMENSE JOURNEY' എന്ന കൃതിയിൽ ജലത്തെപ്പറ്റി പ്രീതിധിപതയ്ക്കുന്നത് ഇപ്രകാരമാണ്;'ഈ ഗ്രഹത്തിൽ മന്ത്രികതയുണ്ടെങ്കിൽ അത് വെള്ളത്തിൽ

അടങ്ങിയിരിക്കുന്നു'.ജലം യഥാർത്ഥത്തിൽ വളരെ വിചിത്രമായ പദാർത്ഥമാണ് ,നമ്മുക് ഇപ്പോഴും അതിനെപ്പറ്റി പൂർണമായി മനസിലാക്കാനായിട്ടില്ല .പ്രാചീനകാലം മുതൽ ജീവന്റെ ഉറവിടമായ ജലത്തെ ചുറ്റിപ്പറ്റിയുള്ള എണ്ണമറ്റ സങ്കല്പങ്ങൾ വികസിച്ചു വന്നിട്ടുണ്ട് .പഞ്ചമഹാഭൂതങ്ങൾ എന്ന് പറയുന്ന പ്രകൃതിയുടെ അടിസ്ഥാന ഘടകങ്ങളായ ആകാശം ,വായു ,അഗ്നി ,ജലം , ഭൂമി എന്നിവയിൽ ഏറ്റവും ഉയർന്ന സ്ഥാനമുള്ളതായി പരിഗണിക്കപ്പെടുന്നത് ജലമാണ് .ഈ അഞ്ചു ഭൂതകളാണ് ഭൗതിക പ്രപഞ്ചം .വായുവും അഗ്നിയും ബഹിരാകാശത്തെ നിന്നും അഗ്നിയിൽ നിന്ന് ജലവും ജലത്തിൽ നിന്ന് ഭൂമിയും ഉത്ഭവിച്ചതായി കരുതപ്പെടുന്നു .വേദതത്വ ചിന്തയിൽ ജലത്തിന് ഒരു വിശുദ്ധ സവിശേഷസ്ഥാനമാണ് നൽകിയിരിക്കുന്നത് .ജീവൻ നൽകുന്നതും ജീവൻ നിലനിർത്തുന്നതുമായ ഘടകമെന്ന നിലയിൽ ജലത്തിന്റെ സ്ഥാനം ഭാരത സംസ്കാരത്തിൽ വളരെ ഉയർന്നതാണ് .പാപികളുടെ ശുദ്ധികരണ ഉപാധിയായും ദൈവിക സംരക്ഷണമായും ജലത്തെ കണക്കാക്കുന്നു.ഭൗമോപരിതലം 70% വെള്ളത്താൽ മൂടപ്പെട്ടിരിക്കുന്നു .എന്നിരുന്നാലും ലോകത്തിൽ ജലത്തിന്റെ 1% മാത്രമേ മനുഷ്യ ഉപഭോഗത്തിനു ലഭ്യമാകുന്നുള്ളു .ഏകദേശം 97% ഉപ്പുവെള്ളമാണ് .2% ഐസ് ആണ്. ശുദ്ധ ജലം രുചിയില്ലാത്തതാണ് .പക്ഷെ പ്രകൃതിദത്ത ജലത്തിൽ അടകിയിരിക്കുന്ന ലവണങ്ങൾ ജലത്തിന് രുചി നൽകുന്നു . ഖരം ,ദ്രവകം ,വാതകം ,എന്നിങ്ങനെ മൂന്ന് അവസ്ഥകളായി കാണപ്പെടുന്ന ഒരേഒരു വസ്തുവാണ് ഭൂമിയിലെ ജലം .പ്രപഞ്ചത്തിൽ ദ്രവകജലമുള്ള ഒരേയൊരു സ്ഥലം ഭൂമിയാണ് .സൂക്ഷ്മമായി പരിശോധിച്ചാൽ ജലത്തിന്റെ ദ്രവ്യവ്യവസ്ഥകളെ സംബന്ധിച്ച അതിലും അസാധാരണമായ പല നിരീക്ഷണങ്ങളും വെളിപ്പെടും .ഖര ജലത്തിന് ദ്രവക ജലത്തിനേക്കാൾ സാന്ദ്രത കുറവാണ് .തണുത്തുറയുമ്പോൾ ജലത്തിന്റെ സാന്ദ്രത ഏകദേശം 10% കുറയുന്നു .ജലമൊഴികെ മറ്റ സമാന പദാർത്ഥങ്ങൾ ദ്രവക അവസ്ഥയിൽ നിന്ന് ഖരാവസ്ഥയിലേക്കു എത്തുമ്പോൾ സാന്ദ്രത കൂടുകയാണ് ചെയ്യുന്നത് .പൂജ്യം ഡിഗ്രി സെൽഷ്യസിന് താഴെ വെള്ളം തണുത്തുറയുമ്പോൾ

# വൃദ്ധ

നാളകലേക്ക് അടുക്കുന്നുവകലുന്നുവാക്കാല
കിരണങ്ങളാരൊക്കെയുണ്ടിനിയൊന്നു
വിധിയാർന്നു കാണാൻ
പകലെപിളർക്കുന്നുവായമ്മയെ നീറിച്ച
തിരശീലയിൻ പിന്നിലെ മുഖമാരാണ്
കൂട്ടിനായാരുണ്ടോരാനന്ദമേകാനെന്ന മാത്ര
കൂട്ടത്തിൽവൃദ്ധയായറിയില്ലിതേതു യാത്ര
പോകാനേതുണ്ടു വഴിയകറ്റുമേവ
വിജനമാം പാതയിൽ പാതി പടിയ
പിടഞ്ഞെന്റെ പൂവടരുന്നതൊരുമ
ലാളിച്ചുകൊഞ്ചിച്ചു വാഴ്ത്തിയ
പൈതങ്ങൾ പ്രാകിച്ചു നീറിച്ചു
നീർത്തുള്ളി വറ്റിച്ചെടുത്തമ്മയെ
വാർത്ത ശിലയെന്ന പോൽ
നീറുമാരുമറിയില്ലയാഹൃദയമവസാനമായി
പല ആലയശോഭനം തേടി അലയുന്നയാ
വൃദ്ധയോ കൊതിക്കും പലപ്പൊഴും
അവസാനമേകമാശ്രയമായിയൊരാശ്വാസമായ്
യാരുമില്ലെങ്കിലിതെന്നതൊന്നുമാത്ര-
മാണിന്നവരുടെ ജീവിതം.



# കൈകോർക്കാം:

# മലിനീകരണത്തിനെതിരെ

ഈ ഭൂമിയെ പ്രകൃതി ദേവത സ്വർഗ്ഗതുല്യമായി സൃഷ്ടിച്ചു. പച്ചപ്പിന്റെ നിറമാലകളണിഞ്ഞ മരങ്ങൾ, പരന്നൊഴുകുന്ന നദികൾ, നിറസമൃദ്ധമായ പൂക്കൾ, ഓരോ ജീവജാലങ്ങളും ഓരോ കണ്ണിപോലെ ഇണങ്ങിച്ചേർന്ന ഈ ഭൂമി നമ്മുടെ സ്വപ്നഭൂമിയായിരുന്നു. പക്ഷേ, ഇന്ന് നമ്മുടെ ഈ സ്വപ്നഭൂമി കനത്ത കറുത്ത മേലങ്കിയിൽ മൂടപ്പെട്ടിരിക്കുന്നു. കാരണം – മലിനീകരണം. വായുവിലും, ജലത്തിലും, മണ്ണിലും വിവിധ രൂപങ്ങളിൽ പടർന്നുകയറുന്ന അപകടകാരികളായ വസ്തുക്കളാണ് മലിനീകരണം. ഫാക്ടറികളിൽ നിന്നുള്ള പുക, വാഹനങ്ങളുടെ പുക, പ്ലാസ്റ്റിക് മാലിന്യങ്ങൾ, കീടനാശിനികൾ, രാസവളങ്ങൾ എന്നിവയെല്ലാം ചേർന്നാണ് ഈ മലിനീകരണം സൃഷ്ടിക്കുന്നത്. വായു മലിനീകരണം ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, ആസ്ത്മ, ശ്വാസതടസ്സം എന്നിവയ്ക്ക് കാരണമാകുന്നു. ജല മലിനീകരണം വൃക്കസംബന്ധമായ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, കാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്ക് വഴിവയ്ക്കുന്നു. മണ്ണ് മലിനീകരണത്താൽ വിളകൾ നശിക്കുകയും ആഹാര കുറവ് ഉണ്ടാവുകയും ചെയ്യുന്നു. ഇതുകൊണ്ട് മാത്രമല്ല, മലിനീകരണം കാലാവസ്ഥ വ്യതിയാനത്തിനും കാരണമാകുന്നു. അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതകങ്ങളുടെ അളവ് വർദ്ധിക്കുന്നത് ഭൂമിയുടെ ചൂട് കൂടാൻ ഇടയാക്കുന്നു. ഇത് മഴയുടെ രീതികളിൽ മാറ്റം വരുത്തുകയും പ്രളയങ്ങൾ, വരൾച്ചകൾ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ വർദ്ധിക്കാനും കാരണമാകുന്നു.



ഈ മലിനീകരണത്തിന്റെ ഭവിഷ്യത്തുകൾ ഭീതിജനകങ്ങളാണ്. പക്ഷേ, ഇപ്പോഴും സമയം നഷ്ടപ്പെട്ടിട്ടില്ല. നമ്മൾ ചെറിയ ചെറിയ മാറ്റങ്ങൾ വരുത്തിയാൽ പോലും മലിനീകരണം നിയന്ത്രിക്കാനാകും. പൊതുഗതാവണ ഉപയോഗം വർദ്ധിപ്പിക്കുകയും സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുക. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുകയും പുനരുപയോഗിക്കാവുന്ന പാത്രങ്ങൾ ഉപയോഗിക്കുക.



# നിധിപോലെ സൗഹൃദം

കൈപിടിച്ചു നടന്ന വഴികൾ,
കണ്ണീരും ചിരിയും പങ്കുവച്ച കാലങ്ങൾ.
മനസ്സിലെ രഹസ്യങ്ങൾ പറഞ്ഞ,
ഒറ്റയ്ക്ക് നിൽക്കാതെ കൂട്ട് നിന്ന.

കളിയും കുസൃതിയും നിറഞ്ഞ വേളകൾ,
കടലിന്റെ കരയിൽ മണൽ കോട്ടകൾ.
മഴയത്തുള്ളികൾ ഏറ്റുവാങ്ങി,
സ്വപ്നങ്ങൾ ചിതറി വിമാനങ്ങൾ.

കലഹങ്ങളും പരിഭവങ്ങളും മാഞ്ഞു,
പുഞ്ചിരി ചൂടിച്ച് സൗഹൃദം തളിർത്തു.
പരാജയത്തിന്റെ നിരാശയിൽ,
വിജയത്തിന്റെ ആഹ്ലാദം പങ്കുവച്ചു.

കാലം മാറിയെങ്കിലും,
ദൂരങ്ങൾ വന്നാലും,
ഹൃദയങ്ങളിൽ വിടരാത്ത നാമ്പുകൾ.

## പ്രകൃതിയുടെ മടിത്തട്ടിൽ: ജീവജാലങ്ങളുടെ ലോകം

മണ്ണിന്റെ മണമുള്ളൊരു മാതാവ്, ഭൂമി, പച്ചപ്പുടയാടയാൽ പൊതിഞ്ഞു നിൽക്കുന്നു. മലനിരകൾ തലയുയർത്തി നിൽക്കുന്നു, കടലിന്റെ നീലക്കണ്ണുകൾ ചിരിക്കുന്നു. പു



ഴകൾ പാട്ടുപാടിയൊഴുകുന്നു, പൂക്കൾ ചിരിക്കും മധുരം പകരുന്നു. മരങ്ങൾ കാറ്റിനൊപ്പം ചലിക്കുന്നു, ജീവജാലങ്ങൾ സന്തോഷം പങ്കുവയ്ക്കുന്നു.
നമ്മുടെ കളരി, നമ്മുടെ വീട്, ഭൂമി, മനുഷ്യന്റെ കടമ, അതിനെ സംരക്ഷിക്കണം. കാടുകൾ വെട്ടിക്കാതിരിക്കുക, മലിനപ്പെടുത്താതിരിക്കുക, പ്രകൃതിയുടെ താളം നിലനിർത്തുക.
ജലം ലാഭിക്കണം, മണ്ണ് പരിപാലിക്കണം, പുതിയ തൈകൾ നട്ടുവളർത്തണം. ഒരുമിച്ച് കൈകോർക്കണം, ഭൂമിയെ സ്നേഹിക്കണം, ഭാവി തലമുറകൾക്കായി അതിനെ സംരക്ഷിക്കണം.
ഭൂമി നിലനിൽക്കട്ടെ, സന്തോഷം പൂത്തുലയട്ടെ, പ്രകൃതിയുടെ സ്നേഹം നമ്മെ എല്ലാവരെയും വലയം ചെയ്യട്ടെ.കേരളത്തിന്റെ പച്ചപ്പണിഞ്ഞ മലനിരകളും, സ്വർണ്ണനൂൽപോലെ ഒഴുകുന്ന പുഴകളും, താളം പൊടിക്കുന്ന കടലും സൃഷ്ടിക്കുന്ന പ്രകൃതിയുടെ സൗന്ദര്യം ലോകപ്രസിദ്ധമാണ്. ഈ മനോഹരമായ പശ്ചാത്തലത്തിൽ



വൈവിധ്യങ്ങളാൽ നിറഞ്ഞ ജീവജാലങ്ങളുടെ ഒരു ലോകം ഉണർന്നു നിൽക്കുന്നു. മനുഷ്യന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം തന്നെ പ്രകൃതിയുമായുള്ള ഇഴചേർന്ന ബന്ധമാണ്. പ്രകൃതി നമുക്ക് നൽകുന്ന നിധികളും അവിടെ വസിക്കുന്ന ജീവിവർഗങ്ങളും നമ്മുടെ ജീവിതത്തെ സമ്പുഷ്ടമാക്കുന്നു.



പശ്ചിമഘട്ടത്തിന്റെ തേയിലത്തോട്ടങ്ങളിൽ മാനുകൾ വിഹരിക്കുന്നതും, കാടുകളുടെ നിശബ്ദതയിൽ കടുവകൾ മുരചന്ത പറയുന്നതും, ആകാശത്തെ മുട്ടുന്ന മലമുടികളിൽ കരിമ്പെരുമകൾ വാഴുന്നതും നമ്മുടെ കാഴ്ചകളാണ്. നദികളിൽ മീനുകൾ തുള്ളിച്ചാടുന്നതും, തണ്ണീർത്തടങ്ങളിൽ സൂര്യകിരണങ്ങളേ ഏറ്റുവാങ്ങി കൊക്കുകൾ വിടർത്തുന്ന പക്ഷികളുടെ കൂട്ടങ്ങളും കേരളത്തിന്റെ



ജൈവവൈവിധ്യത്തിന്റെ സാക്ഷ്യപത്രങ്ങളാണ്. ഈ ജീവിവർഗങ്ങൾ ഓരോന്നും പ്രകൃതിയുടെ നൈസർഗിക ചക്രത്തിൽ അവിഭാജ്യമായ പങ്കുവഹിക്കുന്നു. എന്നാൽ മനുഷ്യന്റെ അമിതമായ പ്രവൃത്തികൾ പ്രകൃതിക്കും അവിടെ വസിക്കുന്ന ജീവികൾക്കും വലിയ നാശം വരുത്തിക്കൊണ്ടിരിക്കുന്നു. വനനശീകരണം, ജലമലിനീകരണം, കാലാവസ്ഥാ വ്യതിയാനം എന്നിവ മൂലം നിരവധി ജീവിവർഗങ്ങൾ വംശനാശ ഭീഷണിയിലാണ്. കാടുകൾ നശിപ്പിക്കപ്പെടുന്നതോടെ മൃഗങ്ങളുടെ ആവാസ വ്യവസ്ഥ നശിക്കുകയും വന്യജീവി – മനുഷ്യ സംഘർഷങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. ജലമലിനീകരണം മൂലം മത്സ്യങ്ങളും മറ്റ് ജലജീവികളും നശിക്കുന്നത് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ തന്നെ താറുമാറാക്കുന്നു.

# പ്രതീക്ഷയുടെ വിത്തുകൾ

നിഴലിന്റെ കൂടിൽ ഞാൻ ഒളിച്ചിരിക്കുന്നു,
വെളിച്ചം ദൂരെ, മങ്ങിയ സ്വപ്നംകാണുന്നു.
നേർത്ത മഴപോലെ നനയുന്ന നൊമ്പരങ്ങൾ,
ഓർമ്മകൾ മുള്ളുകൾ, കുത്തിനോവിക്കും മനസ്സ്.

പൂക്കൾ വാടുന്നു, പാട്ടുകൾ മൗനമാകുന്നു,
ചിരി മറഞ്ഞുപോയി, കണ്ണീർ ഒഴുകുന്നു.
ചുറ്റും സന്തോഷം, എനിക്കോ നിഴൽമാത്രം,
ജീവിതത്തിന്റെ താളം നഷ്ടപ്പെട്ടതോർത്ത് ഭയം.

ആകാശം നീല, പക്ഷേ എന്റെ കണ്ണിൽ കറുപ്പ്,
നക്ഷത്രങ്ങൾ മിന്നുന്നു, പക്ഷേ എന്റെ ഹൃദയം മരിച്ചുപോയി.
ഇനിയും എഴുന്നേൽക്കാൻ കഴിയുമോ? വെളിച്ചം കാണാൻ കഴിയുമോ?
ഈ നിഴലിന്റെ കൂട്ടിൽ നിന്ന് സ്വതന്ത്രമാകാൻ കഴിയുമോ?

മനസ്സിൽ ഒരു ചെറിയ ശബ്ദം ഉണരുന്നു, 'പടയേണ്ടതാണ്",
'ഇരുട്ടിനെ തോൽപ്പിക്കേണ്ടതാണ്", 'വെളിച്ചം തിരികെ
കൊണ്ടുവരണം'.
മെല്ലെ നടക്കാൻ തുടങ്ങുന്നു, നിഴലിനോട് പോരാടാൻ തുടങ്ങുന്നു,
ഒരു ചെറിയ ചിരി വിരിയുന്നു, ഹൃദയമിടിപ്പ് കേൾക്കുന്നു.

വെളിച്ചം അടുത്തുവരുന്നു, പൂക്കൾ വീണ്ടും വിരിയുന്നു
, പാട്ടുകൾ വീണ്ടും മുഴങ്ങുന്നു, ചിരികൾ വീണ്ടും തിരിച്ചുവരുന്നു.
ജീവിതത്തിന്റെ താളം തിരിച്ചുവരുന്നു,ഭയം മാഞ്ഞുപോകുന്നു.

നിഴൽ ഇനിയും ഉണ്ട്, പക്ഷേ ഇപ്പോൾ ഞാൻ ഭയപ്പെടുന്നില്ല.
കാരണം, വെളിച്ചം എന്റെ കൂടെയുണ്ട്, ജീവിതം എന്റെ കൂടെയുണ്ട്.
എന്റെ ഇരുട്ടിനെ വെളിച്ചമാക്കാൻ ഞാൻ പഠിച്ചു,
മറ്റുള്ളവരുടെ ഇരുട്ടിനെ വെളിച്ചമാക്കാൻ ഞാൻ പ്രകാശം പരത്തും.

# പുനർജന്മം

കറുത്ത മേഘങ്ങൾ ആകാശം മൂടിക്കെട്ടിയ ഒരു മഴനാളിലാണ് നീനയുടെ ദിനചര്യ ആരംഭിച്ചത്. എഴുന്നേൽക്കാൻ തോന്നാതെ കിടക്കയിൽ ചുരുണ്ടുകൂടിക്കിടന്നപ്പോൾ മഴയുടെ ശബ്ദം ദേഹത്തേക്ക് തണുപ്പിന്റെ ഒരു പാളി പുതപ്പിച്ചു. അതേ തണുപ്പ് നീനയുടെ മനസ്സിലും നിറഞ്ഞിരുന്നു, പക്ഷേ അത് സുഖകരമായ തണുപ്പായിരുന്നില്ല. ഒരു നിരാശയുടെ, നിസ്സഹായതയുടെ തണുപ്പ്.

ജീവിതം ഒഴുക്കുപോലെ നീണ്ടുകയായിരുന്നു. ഓഫീസിലെ ജോലികൾ യാന്ത്രികമായി ചെയ്തുപോയി. സുഹൃത്തുക്കളുടെ കൂട്ടുകൂടിപ്പിരിച്ചിലുകളിൽ നിന്നും പതുക്കെ പിന്മാറി. വർണ്ണപ്പകിട്ടുകൾ ഉണ്ടായിരുന്ന ലോകം ഇപ്പോൾ മങ്ങിയ നിറങ്ങളിൽ മാത്രം ദൃശ്യമായി. രുചിയും മണവും നഷ്ടപ്പെട്ട ഭക്ഷണം, ഉറക്കമില്ലാത്ത രാത്രികൾ, ചിരിക്കാൻ മറന്നുപോയ ചുണ്ടുകൾ – നീനയുടെ ജീവിതം ഈ വാക്കുകളിലൊതുങ്ങി.

ഒരു ദിവസം, വർഷങ്ങളായി കാണാതിരുന്ന അമ്മുമ്മ അവളെ സന്ദർശിച്ചു. അമ്മുമ്മയുടെ ഊഷ്മളമായ പുണർത്തലും കരുതലും നിറഞ്ഞ വാക്കുകളും നീനയെ അല്പം സ്പന്ദിപ്പിച്ചു. "മോളേ, നീ ഒറ്റയ്ക്കല്ല. എല്ലാവർക്കും ജീവിതത്തിൽ ഇരുട്ട് കടക്കേണ്ടി വരും. പക്ഷേ, ആ ഇരുട്ടിലാണ് നക്ഷത്രങ്ങൾ തിളങ്ങുന്നത് എന്ന് മറക്കരുത്." അമ്മുമ്മയുടെ വാക്കുകൾ നീനയുടെ ഹൃദയത്തിൽ ഒരു ചെറിയ തിരി കൊളുത്തി.

അടുത്ത ദിവസം, തന്റെ ഇഷ്ടമായിരുന്ന ചിത്രരചന വീണ്ടും ആരംഭിച്ചു. വരകളിൽ ഇരുട്ട് നിറഞ്ഞിരുന്നു, പക്ഷേ അതിനിടയിൽ ഒരു നക്ഷത്രം മിന്നിത്തുടങ്ങി. ആശകിരണങ്ങൾ പോലെ അത് വളർന്നു, ഇരുട്ടിനെ ഭേദമാക്കാൻ.

പതിയെ, രോഗചികിത്സ തേടാനും സുഹൃത്തുക്കളുടെ സഹായം സ്വീകരിക്കാനും നീന തയ്യാറായി. കൗൺസിലിങ്ങും മരുന്നുകളും ഒരു ആശ്വാസകിരണമായി. സാവധാനം, മങ്ങിയ ലോകം വർണ്ണങ്ങൾ തിരിച്ചുപിടിക്കാൻ തുടങ്ങി. ചിരി വീണ്ടും ചുണ്ടുകളിലേക്ക് മടങ്ങിവന്നു. നീനയുടെ കഥ ഏകാന്തതയിലും നിരാശയിലും അകപ്പെട്ടവരുടെ കഥയാണ്. അവർ ഒറ്റയ്ക്കല്ല എന്നും ഇരുട്ടിനു പുറകിൽ പ്രകാശമുണ്ടെന്നും നീനയുടെ ജീവിതം നമ്മോട് പറയുന്നു.

# എന്റെ വിദ്യാലയം

എന്റെ വിദ്യാലയം,
ഒരു പൂന്തേനരുവി,
അറിവിന്റെ അമൃതം
നൽകും തേനരുവി.

അവിടെ,
അക്ഷരങ്ങളുടെ ലോകം,
അറിവിന്റെ വെളിച്ചം,
സ്നേഹത്തിന്റെ പുഴയൊഴുകും.

ഗുരുക്കന്മാർ,
നക്ഷത്രങ്ങൾ പോലെ,
വഴി കാട്ടിത്തരും,
അറിവിന്റെ ദീപങ്ങൾ തെളിയിക്കും.

സഹപാഠികൾ,
പൂഞ്ചോദനങ്ങൾ പോലെ,
കൂടെ നിൽക്കും,
കൈത്താങ്ങും നൽകും.

എന്റെ വിദ്യാലയം,
ഒരു സ്വർഗ്ഗം തന്നെ,
അവിടെ ഞാൻ,
പറന്നുയരും ഒരു പക്ഷി.



# വണ്ടർലാ :

# ഒരു വിസ്മയ യാത്ര




കേരളത്തിന്റെ ഹൃദയഭൂമിയിൽ, എറണാകുളം ജില്ലയിൽ, വിനോദത്തിന്റെയും ആവേശത്തിന്റെയും ഒരു ലോകമുണ്ട് – വണ്ടർല. ചെറുപ്പമായാലും മുതിർന്നവരായാലും കുടുംബമായാലും സുഹൃത്തുക്കളോടൊപ്പമായാലും, ഓരോരുത്തർക്കും അവിസ്മരണീയമായ അനുഭവങ്ങൾ സമ്മാനിക്കുന്ന മാജിക്കൽ സ്ഥലം. ഞാനും കഴിഞ്ഞ ദിവസം വണ്ടർലയിലേക്ക് ഒരു യാത്ര നടത്തി. ആ അത്ഭുതയാത്രയുടെ കഥ നിങ്ങളോട് പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

പുലർച്ചെത്തന്നെ ഞങ്ങൾ പുറപ്പെട്ടു. ഞങ്ങളുടെ സ്കൂളിൽനിന്നും  വണ്ടർലയിലേക്കുള്ള വഴിയിലൂടെ പച്ചപ്പും തെളിമയുള്ള ആകാശവും കാഴ്ചകൾ ഞങ്ങളെ

ആകർഷിച്ചു. പാർക്കിന് സമീപം എത്തിയപ്പോൾ, നിറഞ്ഞുതുളുമ്പുന്ന ബാനറുകളും ആവേശകരമായ സംഗീതവും ഞങ്ങളെ ഉല്ലാസിതരാക്കി. ടിക്കറ്റ് എടുത്ത് അകത്തേക്ക് കടന്നപ്പോൾ, വിസ്മയകരമായ ലോകമായിരുന്നു കാഴ്ച.

ആദ്യം ഞങ്ങൾ പോയത് വാട്ടർ പാർക്കിലേക്കാണ്. ഭീമാകാരമായ വെള്ളച്ചവിട്ടുകൾ, ഇരമ്പുന്ന ഓളങ്ങൾ, വളഞ്ഞുപുളയുന്ന സ്ലൈഡുകൾ – ഓരോന്നും ഹൃദയമിടിപ്പിക്കുന്ന അനുഭവമായിരുന്നു. രൗദ്രഭീകരമായ "ഹൈ 5", വേഗതയേറിയ "മാക്സിമം", വെള്ളച്ചുഴികളുള്ള "ജക്കൂസി" – ഇവയെല്ലാം ഞങ്ങളെ ത്രസിപ്പിച്ചു. കുട്ടികൾക്കായി പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന വാട്ടർ പ്ലേ ഏരിയയിൽ അവർ കളിച്ചുല്ലസിച്ചു.

ഉച്ചയ്ക്ക്, രുചികരമായ ഭക്ഷണങ്ങൾ കഴിച്ച ശേഷം ഭൂമിയിലെ റൈഡുകളിലേക്ക് ഞങ്ങൾ നീങ്ങി. ആകാശത്തേക്ക് ഉയർത്തുന്ന റോളർ കോസ്റ്ററുകൾ, കറങ്ങിത്തിരിയുന്ന "ടീ കപ്പ്", വായുവിലൂടെ പറക്കുന്ന "ഫ്ലൈംഗ് ഷിപ്പ്" – ഇവയെല്ലാം ഞങ്ങളുടെ പേടിപ്പെടുത്തി.. സാഹസികത ഇഷ്ടപ്പെടുന്നവർക്ക് "ആനക്കൊമ്പൻ", "റെഡ് ടൊർനാഡോ" പോലുള്ള റൈഡുകൾ മികച്ച അനുഭവം നൽകും.

വൈകുന്നേരം, 3D സിനിമയിൽ മറ്റൊരു ലോകത്തേക്ക് യാത്രയായി. മികച്ച ഗ്രാഫിക്സും ശബ്ദസാങ്കേതികയും ഞങ്ങളെ മുഴുവൻ കഥയിലേക്ക് ഇഴുകിച്ചേർപ്പിച്ചു. സൂര്യൻ മറഞ്ഞതോടെ, പാർക്കിലെ ലൈറ്റുകൾ മിന്നിത്തിളങ്ങി. പ്രകാശകരമായ ഷോകളും മ്യൂസിക്കൽ ഫൗണ്ടെയിനുകളും അവിസ്മരണീയമായ കാഴ്ചകളായിരുന്നു.

വണ്ടർലയിൽ, ഓരോ മണിക്കൂറും വ്യത്യസ്തമായ അനുഭവം സമ്മാനിക്കുന്നു



# നന്ദി...